യൂണിറ്റ് മൂന്ന്

# ഭാഷ എന്ന വിസ്മയം

## ആമുഖം

ഭാഷയില്ലാതെ ഒരു ജനസമൂഹം ലോകത്തെവിടെയെങ്കിലുമുണ്ടാകുമോ? ഭാഷാരഹിതമായ സമൂഹത്തിന് നിലനില്പ്പും അതിജീവനവും സാധ്യമാകുമോ? ഇത്, സമൂഹചരിത്രത്തിലെ ഏറ്റവും വിസ്മയകരമായ കണ്ടെത്തലാണ് ഭാഷ എന്ന തിരിച്ചറിവിലേക്കു നയിക്കുന്നു. മനുഷ്യനു സമൂഹമായല്ലാതെ ജീവിച്ചു പോവുകയെന്നത് ഒട്ടും എളുപ്പമല്ല. അതുപോലെ ദുഷ്കരമാണ് ഭാഷയില്ലാത്ത ജീവിതവും. അതുകൊണ്ട് മനുഷ്യസമൂഹം ഉരുത്തിരിഞ്ഞിടത്തൊക്കെയും ഒപ്പം ഭാഷയുമുയിരെടുത്തു.

സാമൂഹ്യജീവിതത്തിന്റെ ഏതു മേഖലയിലും ഭാഷയുടെ സാന്നിധ്യമുണ്ട്. ആശയങ്ങളുടെയോ വസ്തുതകളുടേയോ കേവലവിനിമയത്തിനു മാത്രമല്ല മാനുഷികമായ ഏതിടപെടലിലും ഭാഷ അനിവാര്യം തന്നെ. വികാരവിനിമയത്തിനും വിജ്ഞാന പ്രേഷണത്തിനുമുള്ള മാധ്യമവും ഭാഷതന്നെയല്ലേ? ഉള്ളുതുറക്കാൻ മാത്രമല്ല ഉള്ളിലുള്ളതൊളിച്ചു വെയ്ക്കാനും നമുക്കു ഭാഷയുടെ കൂട്ടു വേണം. എന്തിന് തന്നോടുതന്നെ വല്ലതും മിണ്ടിപ്പറയണമെങ്കിലോ?

ഭാഷയുടെ സാധ്യതയെ സവിശേഷവിധാനഭംഗിയോടെ ആവിഷ്ക്കരിക്കുമ്പോഴാണ് സാഹിത്യം രൂപപ്പെടുന്നത്. ജീവിതപ്രതിഫലനമോ ജീവിതവിമർശനമോ അനുഭൂതിപ്രകടനമോ ഏതുതന്നെയായാലും മൗലികമായി സാഹിത്യരൂപം ഭാഷകൊണ്ടുള്ള കൈവേലതന്നെയാണ്. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യൻ ഒരു ഭാഷാജീവിയാണ് - ഭാഷയുടെ ആവാസവ്യവസ്ഥയ്ക്കകത്ത് ശ്വസിച്ചു ജീവിക്കുന്നവൻ.

ലോകത്ത് ആയിരക്കണക്കിന് ഭാഷകളുണ്ട്. അവയിൽ കാലാദേശാവസ്ഥകൾകൊണ്ട് പരിഷ്കരിക്കപ്പെട്ടും വികസിച്ചും മുന്നേറുന്നവയുണ്ട്. പലവിധ ചരിത്രസമ്മർദങ്ങളിൽപ്പെട്ടു നശിച്ചുപോവുന്നവയുമുണ്ട്. ഭാഷ അതിജീവിക്കുന്നത് രണ്ട് വിതാനത്തിലുള്ള പ്രയോഗസാധ്യതകളിലൂടെയാണ്. എഴുത്തിലൂടെയും സംസാരത്തിലൂടെയും. എഴുത്തു ഭാഷ (വരമൊഴി) സംസാരഭാഷ (വാമൊഴി)യെ അപേക്ഷിച്ചു ശ്രേഷ്ഠമാണെന്ന വിചാരം ഒരു കാലത്തുണ്ടായിരുന്നു. ഇവരണ്ടും ഭാഷാവിചാരത്തിൽ സമശീർഷങ്ങളാണെന്ന ധാരണ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഒരു ഭാഷാസമൂഹത്തിനകത്ത് വിവിധങ്ങളായ വാമൊഴിവഴക്കങ്ങൾ നിലവിലുണ്ടാവാം. അവയ്ക്കിടയിൽ ഉത്കൃഷ്ടം, നീചം എന്നിങ്ങനെ താരതമ്യഭേദം കല്പിക്കുന്ന രീതിയും തിരുത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഭാഷ സൃഷ്ടിക്കുന്ന അനന്തവിസ്മയങ്ങളെ ആദരപൂർവം പഠിച്ചറിയാൻ സഹായിക്കുന്ന സാകല്യവീക്ഷണങ്ങളാണ് ഒരു ഭാഷാവിദ്യാർത്ഥി കൈവരിക്കേണ്ടത്.

ഭാഷാപഠനം പോലെ ഭാഷയെക്കു

റിച്ചുള്ള പഠനത്തിനും സഹസ്രാബ്ദങ്ങളുടെ ചരിത്രമുണ്ട്. നിയതമായ ചില നിയമങ്ങൾ അവയുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നുണ്ടാകും. അത്തരം നിയമങ്ങളെ-ഭാഷയുടെ പ്രവർത്തനസ്വഭാവത്തെ-വ്യവച്ഛേദിച്ചറിയാനുള്ള അന്വേഷണമാണ് വ്യാകരണശാസ്ത്രമായി മാറിയത്. ഭാഷാപ്രയോഗത്തിലെ തെറ്റുകളും കുറ്റങ്ങളും തിരുത്തി ശുദ്ധീകരണത്തിനുള്ള വ്യവസ്ഥകൾ നിർദേശിക്കുകയാണ് വ്യാകരണശാസ്ത്രത്തിന്റെ ധർമ്മമെന്ന ധാരണ ഇന്ന് നിലനിൽക്കുന്നില്ല. ഭാഷയുടെ പ്രവർത്തനത്തിന് നിയാമകങ്ങളായി നിൽക്കുന്ന വ്യവസ്ഥകൾ കണ്ടെത്തി വിശദീകരിക്കലാണ് വ്യാകരണചിന്തയുടെ ദൗത്യമെന്ന ആശയം മുൻകൈ നേടിക്കഴിഞ്ഞിരിക്കുന്നു. വ്യാകരണശാസ്ത്രത്തിന്റെ ഒരു ശാഖയായിട്ടാണ് ഭാഷാശാസ്ത്രം ഉടലെടുത്തത്. പാശ്ചാത്യഭാഷാശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഈ പ്രസ്താവന ശരിയായിരിക്കാം. എന്നാൽ ഇന്ത്യയിലെ സ്ഥിതി വ്യത്യസ്തമാണ്. വൈദികകാലത്തു രൂപപ്പെട്ട ആറു ശാസ്ത്രങ്ങളിൽ (ശിക്ഷ, നിരുക്തം, വ്യാകരണം, ഛന്ദസ്സ് കല്പം, ജ്യോതിഷം) ആദ്യത്തെ നാലും ഭാഷയുമായി ബന്ധപ്പെട്ടതാണ്. സ്വനവിജ്ഞാനം, സ്വനിമവിജ്ഞാനം, രൂപിമവിജ്ഞാനം എന്നീ അവാന്തരവിഭാഗങ്ങളിലൂടെ അർഥോല്പാദനം തുടങ്ങിയ ഭാഷയുടെ മൗലികസ്വഭാവത്തെക്കുറിച്ചുള്ള സൂക്ഷ്മവിചിന്തനമായി ഭാഷാശാസ്ത്രം വികസിച്ചുവന്നു. ഭാഷാവിദ്യാർഥിയെ സംബന്ധിച്ചിടത്തോളം ഭാഷാശാസ്ത്രത്തിന്റെ പ്രാഥമികപാഠങ്ങൾ ഭാഷയെക്കുറിച്ചുള്ള പഠനത്തിലേക്കുള്ള ആദ്യപടിയാണ്.

ഏതു വിജ്ഞാനമേഖലയേയും വിനിമയം ചെയ്യാൻ പാകത്തിലുള്ള വിശാലതയും അയവും കൈവരിക്കുമ്പോഴാണ് ഭാഷ അതിജീവന സമർഥമാകുന്നത്. സർഗാത്മകകൃതികളോടൊപ്പം വിജ്ഞാനസാഹിത്യവും ഭാഷയുടെ സർവാശ്ലേഷിയായ വളർച്ചയിൽ പ്രധാനമാവുന്നു. വിഷയം സാഹിതീയമാവാം, മറ്റേതെങ്കിലുമൊരു വിജ്ഞാനശാഖയിൽപ്പെട്ടതാവാം. ഭദ്രവും സമർഥവുമായ രീതിയിൽ വിഷയത്തിന്റെ പ്രസക്തതലങ്ങൾ വസ്തുനിഷ്ഠമായി പ്രബന്ധരൂപത്തിൽ നിബന്ധിക്കുകയെന്നത് അറിവും അഭ്യാസവും ആവശ്യപ്പെടുന്ന ഭാഷാപ്രവർത്തനമാണ്. ഭാഷാവളർച്ചയ്ക്ക് മുതൽക്കൂട്ടാകുന്ന ഇത്തരത്തിലുള്ള രചനകളിലേക്കും ഭാഷാവിദ്യാർഥികളുടെ ശ്രദ്ധ തിരിയേണ്ടതുണ്ട്.

ഭാഷയുടെ അടിസ്ഥാനവസ്തുതകളെക്കുറിച്ചും പ്രയോഗതലങ്ങളെക്കുറിച്ചുമുള്ള ധാരണകൾ പങ്കുവെയ്ക്കുന്ന യൂണിറ്റാണ് 'ഭാഷ എന്ന വിസ്മയം'. (1) അക്ഷരമാല, (2) മാറുന്ന മലയാള സംസാര ഭാഷ, (3) ഉപന്യാസം എന്നീ പാഠഭാഗങ്ങളാണ് ഈ യൂണിറ്റിലുള്ളത്.

## അക്ഷരമാല

പാഠാപഗ്രഥനം

മാതൃഭാഷ സ്വായത്തമാക്കുന്നതിന് വ്യാകരണഗ്രന്ഥത്തിൻരെയോ മറ്റോ ആവശ്യമില്ല. എന്നാൽ മറ്റുഭാഷകൾ അഭ്യസിക്കുന്നതിന് അവ അനിവാര്യമാണുതാനും. ഈ സാഹചര്യത്തിലാണ് മലയാളത്തിലെ ആദ്യകാല വ്യാകരണ ഗ്രന്ഥങ്ങൾ അനുയോജ്യഭാഷകളിൽ എഴുതപ്പെടാനിടയാക്കിയത്. അവ മലയാളികൾക്കുവേണ്ടിയുള്ളവ അല്ല.

ആര്യാധിനിവേശത്തെതുടർന്ന് സംസ്കൃതവും അന്നത്തെ കേരളഭാഷയും ഇടകലർന്ന ഒരു മിശ്രഭാഷ രൂപപ്പെടുകയും ചെയ്തു. ആ ഭാഷ കൈകാര്യം ചെയ്തിരുന്ന സംസ്കൃതപണ്ഡിതന്മാർക്കുവേണ്ടി എഴുതപ്പെട്ടതാണ് 'ലീലാതിലകം' എന്ന മണിപ്രവാള ലക്ഷണഗ്രന്ഥം. സംസ്കൃതഭാഷയിൽ എഴുതപ്പെട്ട ആ ലക്ഷണഗ്രന്ഥത്തിൽ സ്വാഭാവികമായി അന്നത്തെ കേരളഭാഷയിലെ പ്രയോഗ വ്യവസ്ഥകൾ പരമാർശിച്ചിട്ടുണ്ട്. അത് മലയാളത്തിന്റെ ആദ്യവ്യാകരണഗ്രന്ഥം എന്നു വിശേഷിപ്പിക്കുന്നത് ഉചിതമല്ല. നമുക്കൊരു വ്യാകരണഗ്രന്ഥം കിട്ടാൻ പാശ്ചാത്യർ എഴുതേണ്ടി വന്നു എന്ന അവകാശവാദത്തെ പ്രതിരോധിക്കാൻ ഇത് ഉപകരിച്ചേക്കും.

പാശ്ചാത്യാധിവേശത്തോടൊപ്പം പ്രഷിതവൃത്തിക്ക് നിയുക്തരായി കേരളത്തിലെത്തിയ ഏതാണ്ട് എല്ലാ മിഷണറിമാരും ഓരോ വ്യാകരണഗ്രന്ഥം രചിച്ചതായി പറയപ്പെടുന്നു. എല്ലാം അവരുടെ മാതൃഭാഷയിലാണ്. ചിലർ നിഘണ്ടുകളും തയാറാക്കിയിട്ടുണ്ട്. മലയാള പദങ്ങൾക്ക് പോർത്തുഗീസ് ഭാഷയിൽ അർത്ഥം കൊടുത്തിട്ടുള്ള നിഘണ്ടുകളും തയാറാക്കിയിട്ടുണ്ട്. മലയാളപദങ്ങൾക്ക് പോർത്തുഗീസ് ഭാഷയിൽ അർത്ഥം കൊടുത്തിട്ടുള്ള നിഘണ്ടുക്കളുണ്ട്. എന്താണ് ഇതിൽ നിന്ന് അനുമാനിക്കേണ്ടത്?

പതിനാറാം നൂറ്റാണ്ടിലാണ് പാശ്ചാത്യ വൈദികന്മാർ മിഷണറിപ്രവർത്തനത്തിനുവേണ്ടി സഭയുടെ (വത്തിക്കാൻ) നിർദ്ദേശപ്രകാരം കേരളത്തിൽ എത്തിത്തുടങ്ങുന്നത്. ഇവിടത്തെ സാധാരണ ജനങ്ങളുടെ വ്യവഹാരഭാഷ മനസ്സിലാക്കിയാൽ മാത്രമേ അവരുമായി ഇടപഴകുവാൻ കഴിയൂ. ഓരോ ദിവസവും പഠിച്ച കാര്യങ്ങൾ അവർ രേഖപ്പെടുത്തിവെക്കും. ഈ പഠനക്കുറിപ്പുകൾ പിന്നീട് വ്യാരകരണ ഗ്രന്ഥമായി ആദ്യകാലങ്ങളിൽ എഴുതപ്പെട്ടവയെല്ലാം വ്യവഹാരഭാഷയുടെ (വാമൊഴി) വ്യാകരണ ഗ്രന്ഥങ്ങളായിരുന്നു എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കുക. അതുപോലെ അന്നന്നു പഠിച്ചിരുന്ന പദങ്ങൾ അകാരാദി ക്രമത്തിൽ രേഖപ്പെടുത്തിയത് നിഘണ്ടുവായിത്തീർന്നു. പിന്നീട് വരുന്നവരുടെ സൗകര്യത്തിനുവേണ്ടിയാണ് നിഘണ്ടുവിൽ പോർത്തുഗീസ് ഭാഷയിൽ അർത്ഥം കൊടുത്തിട്ടുള്ളത്.

മിഷണറിമാരുടെ ഭാഷാസേവനത്തെ വിലകുറച്ചുകാണിക്കാനല്ല അതിന് ഇങ്ങനെയൊരു മറുവശംകൂടി ഉണ്ടെന്ന് അറിഞ്ഞിരിക്കാനാണ് ഇത്രയും കുറച്ചത്. ആഞ്ചലോസ് ഫ്രാൻസിസ്, അർത്തോസ് പാത്രരി, ഫാ. ക്ലമന്റ് മുതലായവരുടെ ഭാഷാ സേവനം വിലമതിക്കാനാകാത്തതാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ ആധുനിക രീതിയിലുള്ളള വിദ്യാലയങ്ങൾ ആരംഭിച്ചതോടെ മലയാള വ്യാകരണം പാഠ്യവിഷയമായിത്തീർന്നു. അക്കാലങ്ങളിൽ ഡ്രമ്മണ്ട് ഗാർള്ളവെയ്റ്റ് സ്പ്രിംഗ് മുതലായവർ ഇംഗ്ലീഷിൽ എവുതി പ്രസിദ്ധീകരിച്ച മലയാളവ്യാകരണഗ്രന്ഥങ്ങളാണ് അധ്യാപകർ ഉപയോഗിച്ചിരിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ കോവുണ്ണി നെടുങ്ങാടി രചിച്ച കേരളകൗമുദി എന്ന വ്യാകരണഗ്രന്ഥവും അധ്യാപകർ ഉപയോഗിച്ചിരുന്നു.

ആധുനികഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഭാഷ നിഷ്കൃഷ്ടമായ ഒരു ഗവേഷണ വിഷയമായിത്തീരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. ശ്രദ്ധേയമായ രണ്ടുരചനകളാണ് അക്കാലത്ത് മലയാളത്തിലുണ്ടായത്. ഗുണ്ടർട്ടിന്റെ മലയാളവ്യാകരണവും റവ. ജോർജ്മാത്തന്റെ മലയാണ്മയുടെ വ്യാകരണവും ഗുണ്ടർട്ടിന്റേതാണ് ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടതെങ്കിലും അതിനും വർഷങ്ങൾക്കു മുമ്പേ ജോർജ്മാത്തന്റേത് എഴുതിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. പ്രസ്ദ്ധീകരണവർഷംവെച്ചുനോക്കിയാൽ മലയാളത്തിലെ ആദ്യവ്യാകരണഗ്രന്ഥം ഗുണ്ടർട്ടിന്റേതും മലയാളി മലയാളത്തിലെഴുതിയ ആദ്യ വ്യകരണഗ്രന്ഥം ജോർജ്മാത്തന്റേതുമാണ്.

സംസ്കൃതത്തിലും യൂറോപ്യൻ ഭാഷകളിലുമാണ് മലയാളഭാഷാവ്യാകരണഗ്രന്ഥങ്ങൾ ആദ്യകാലത്ത് രചിക്കപ്പെട്ടത്. അവയിൽ ഏറ്റവും പഴയത് ലീലാതിലകമാണ്. സംസ്കൃത ഭാഷയിലാണ് ലീലാതിലകകാരൻ മലയാളത്തിന്റെ ഈ ആദ്യ വ്യാകരണ ഗ്രന്ഥം രചിച്ചത്. 1543 ൽ എന്റിഗ്വെസ് എന്ന പാതിരി 'മലബാർഭാഷയ്ക്ക്' വേണ്ടി ഒരു വ്യാകരണമെഴുതി. 1700 നോടടുത്ത് വരാപ്പുഴ മെത്രാപ്പൊലീത്ത ആയിരുന്ന ഡോക്ടർ ആഞ്ജലോസ് ഫ്രാൻസിസും 18-ാം നൂറ്റാണ്ടിൽ അർണോസുപാതിരിയും വ്യാകരണഗ്രന്ഥങ്ങളെഴുതിയതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 1749 ൽ ഡ്രമ്മണ്ടിന്റെയും 1839 ൽ എഫ്.എസ്.സ്പ്രിംഗിന്റേയും 1941 ൽ പീറ്റ്സായ്പിന്റേയും മലയാളവ്യാകരണ രചനകൾ പ്രസിദ്ധപ്പെടുത്തക തന്നെയുണ്ടായി. ഗുണ്ടർട്ടിന്റെ സമ്പൂർണ്ണ മലയാളവ്യാകരണം 1868 ൽ പ്രസിദ്ധീകൃതമായി. കാൾഡ്വൽസായ്പിന്റെ ദക്ഷിണേന്ത്യൻ ഭാഷകളുടെ താരതമ്യവ്യാകരണത്തിലും മലയാളത്തിന്റെ വ്യാകരണ സ്വഭാവം വിലയിരുത്തപ്പെട്ടു.

മലയാളഭാഷയിൽ രചിക്കപ്പെട്ട ആദ്യമലയാള വ്യാകരണഗ്രന്ഥം 1863 ൽ പ്രസിദ്ധീകൃതമായ 'മലയാഴ്മയുടെ വ്യാകരണ'മാണ്. വിശ്വാസപ്രമാണനിഷ്ഠമായ (Dogmatical) സമീപനത്തിൽ നിന്ന് വ്യത്യസ്തമായി വിശദീകരണപര (Explanatory) മായ വ്യാകരണ സമീപനമാണ് റവ.ജോർജ് മാത്തൻ 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ കൈക്കൊണ്ടത്. പുതിയൊരു വ്യാകരണദർശനത്തിന്റെ വഴി മലയാളത്തിനു ലഭിച്ചത് ജോർജ്മാത്തനിലൂടെയായിരുന്നു.

മലയാളത്തിന്റെ ആധികാരികവ്യാകരണമെന്ന നിലയിൽ പിൽക്കാലത്ത് അംഗീകരിക്കപ്പെട്ട കൃതി ഏ.ആർ.രാജരാജവർമ്മയുടെ കേരളപാണിനീയമാണ്. സംസ്കൃതത്തിലെ പ്രാമാണിക വ്യാകരണഗ്രന്ഥമായ പാണിനീയ (അഷ്ടാധ്യായി)ത്തിന്റെ രീതിശാസ്ത്രമാണ് പ്രധാന

മായും ഏ.ആർ.പിൻപറ്റിയത്. മലയാളത്തിലെ അക്ഷരമാല, അവയുടെ ഉച്ചാരണം, ധ്വനിമൂല്യം എന്നിവ തൊട്ട് വാക്യാംഗങ്ങളായിവരുന്ന ഭാഷാഘടനകളെയും അവയുടെ പ്രവർത്തനസ്വാഭാവത്തെയുമൊക്കെ കേരളപാണിനി ശാസ്ത്രീയമായും യുക്തിഭദ്രമായും അപഗ്രഥിച്ചു. പിൽക്കാലത്ത് രചിക്കപ്പെട്ട മലയാളവ്യാകരണഗ്രന്ഥങ്ങൾ മിക്കതും കേരളപാണിനീയത്തിനുള്ള അനുബന്ധങ്ങളോ അതിനുമേലുള്ള വീണ്ടുവിചാരങ്ങളോ ആയിത്തീർന്നതു ആ ഗ്രന്ഥത്തിന്റെ പ്രാമാണികത വ്യക്തമാക്കുന്നു. കേരളപാണിനീയത്തിലെ പീഠികയിൽ നിന്നെടുത്തുചേർത്തതാണ് അക്ഷരമാലയെന്ന ഭാഗം.

പാഠഭാഗത്തെ ആശയങ്ങൾ സാമാന്യമായി ഇങ്ങനെ സംഗ്രഹിക്കാം.

- മലയാളഭാഷയിലെ അക്ഷരങ്ങളെ സ്വരം, വ്യഞ്ജനം എന്നിങ്ങനെ വേർതിരിക്കാം. വ്യഞ്ജനവിഭാഗത്തിൽ വർഗാക്ഷരങ്ങളും മധ്യമം, ഊഷ്മാവ്, ഘോഷി, ദ്രാവിഡ മധ്യമം, ദ്രാവിഡാനുനാസികം എന്നീ ഉപവിഭാഗങ്ങളും ഉൾപ്പെടും.
- സ്വരങ്ങൾ സ്വതന്ത്രമായി ഉച്ചരിക്കാവുന്നവയും വ്യഞ്ജനം സ്വരസഹായത്തോടെ മാത്രം ഉച്ചരിക്കാവുന്നവയുമാണ്.
- ലിപികൾ അക്ഷരങ്ങളുടെ ചിഹ്നങ്ങളാണ്.
- വർണ്ണങ്ങളും അക്ഷരങ്ങളും ചിഹ്നങ്ങളും മറ്റും രേഖപ്പെടുത്തുന്നതിന് മനുഷ്യർ ഏർപ്പെടുത്തിയ ഒരു സങ്കേതമാണ് ലിപി. അതു കാലാനുസൃതം പരിഷ്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കും.
- ശ്വാസകോശത്തിൽനിന്ന് കണ്ഠരന്ധ്രത്തിലൂടെ പുറത്തേക്കു വരുന്ന നിശ്വാസവായുവാണ് സ്വരാദികളായ എല്ലാ വർണങ്ങളുടെയും ഉച്ചാരണം സാധ്യമാക്കുന്നത്. നിശ്വാസവായു മുഖോദരത്തിലെ (വായ്ക്കകത്ത്) വിവിധ സ്ഥാനങ്ങളിൽ തടയപ്പെടുന്നതുകൊണ്ടും നാവിന്റെ പലവിധ ചേഷ്ടകൾകൊണ്ടുമാണ് വ്യത്യസ്ത വർണോച്ചാരണങ്ങൾ സാധിക്കുന്നത്.
- അനുപ്രദാനം, കരണവിഭ്രമം, സംസർഗം, മാർഗഭേദം, സ്ഥാനഭേദം, പരിമാണം എന്നിങ്ങനെ ആറു ഉപാധികൾ കൊണ്ടാണ് വർണങ്ങൾക്ക് ശ്രുതി കൈവരുന്നത്.
- പ്രസക്തമായ ചില ആശയങ്ങൾ കുറച്ചുകൂടി വിശദമായി പരിചയപ്പെടാം.

### അക്ഷരം, വർണം

മനുഷ്യൻ മാത്രമല്ല മൃഗങ്ങളും പക്ഷികളുമൊക്കെ ശബ്ദം പുറപ്പെടുവിക്കുന്നുണ്ടല്ലോ. പക്ഷേ പക്ഷിമൃഗാദികളുടെ ശബ്ദങ്ങളെ അക്ഷരങ്ങളെന്നോ വർണങ്ങളെന്നോ വിശേഷിപ്പിക്കാറില്ല. അതിനു കാരണം ഉച്ചത്തിലും കുറഞ്ഞ ശബ്ദത്തിലും ദീർഘമായും ഹ്രസ്വമായും കേൾക്കാമെങ്കിലും ഒന്നിനെ മറ്റൊന്നിൽനിന്ന് വേർതിരിക്കാൻ പോലും അവയുടെ ശബ്ദങ്ങൾക്ക് വ്യക്തതയില്ലെന്നതുതന്നെയാണ്. മനുഷ്യർതന്നെ പല തരത്തിലുള്ള ശബ്ദങ്ങൾ ഉണ്ടാക്കാറുണ്ടല്ലോ. അവയെയെല്ലാം അക്ഷരങ്ങളായി ഗണിക്കാറില്ല. അവയെല്ലാം അക്ഷരങ്ങളായി പരിഗണിച്ചാൽ ഭാഷയിൽ

അസംഖ്യം അക്ഷരങ്ങളാവും. ആകെക്കൂടി ഒരവ്യവസ്ഥയാവും ഫലം. അതുകൊണ്ടുതന്നെ ഭാഷയിലുൾച്ചേരുന്ന അല്ലെങ്കിൽ വാക്കുകളുടെ ഘടകങ്ങളായിവരുന്ന ശബ്ദങ്ങളെ മാത്രമാണ് സാമാന്യേന അക്ഷരങ്ങളായി പരിഗണിക്കുന്നത്. ഇനി അക്ഷരവും വർണവുമെന്താണെന്നും അവ തമ്മിലുള്ള വ്യത്യാസമെന്തെന്നും പരിശോധിക്കാം.

എന്താണ് വർണവും അക്ഷരവും തമ്മിലുള്ള വ്യത്യാസം?

മനുഷ്യൻ ഉച്ചാരണാവയവങ്ങൾ കൊണ്ടു പുറപ്പെടുവിക്കുന്നതും ഭാഷണത്തിന് ഉപയോഗിക്കുന്നതും പിരിച്ചു പറയാൻ വയ്യാത്തതും സ്വരസാന്നിധ്യമില്ലാതെ സ്വതന്ത്രോച്ചാരണം സാധിക്കാത്തതുമായ ശബ്ദത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് വർണ്ണം. ആ കൂട്ടത്തിൽ സ്വരങ്ങൾക്കു മാത്രമേ ഉച്ചാരണ ക്ഷമതയുള്ളൂ. അതുകൊണ്ടാണ് കേരളപാണിനി

സ്വരങ്ങൾ താനക്ഷരങ്ങൾ

വ്യഞ്ജനം വകയല്ലിഹ -

എന്നു പറഞ്ഞത്.

ഏതെങ്കിലും സ്വരം ചേർന്നാലേ വർണം അക്ഷരമാകൂ. ആദ്യസ്വരമായ അകാരം ചേർത്താണ് ഭാരതീയഭാഷകൾ വ്യഞ്ജനാക്ഷരങ്ങൾ രൂപീകരിച്ചത്. യൂറോപ്യൻ ഭാഷകൾ വർണ്ണമാല ഉപയോഗിക്കുമ്പോൾ ഇന്ത്യൻ ഭാഷകൾ അക്ഷരമാല ഉപയോഗിക്കുന്നു. മലയാളം എന്ന വാക്കിൽ എത്ര ഘടകങ്ങൾ അടങ്ങിയിട്ടുണ്ടെന്നു നോക്കുക.

മ് അ ല് അ യ് ആ ള് അ മ്
- ഒമ്പത് ഘടകങ്ങൾ

ഇംഗ്ലീഷിലോ MALAYALAM
- ഒമ്പതു വർണങ്ങൾ തന്നെ

വർണങ്ങളും അക്ഷരങ്ങളും എഴുതിക്കാണിക്കുന്നതിന് മനുഷ്യൻ ഏർപ്പെടുത്തിയിട്ടുള്ള ഒരു സങ്കേതമാണ് ലിപി. അതു നമുക്കു കാലോചിതമായി പരിഷ്കരിക്കാവുന്നതാണ്. എന്നാൽ വർണവും അക്ഷരവും പരിഷ്കരണ വിധേയമല്ല. ആവശ്യമില്ലെങ്കിൽ വേണ്ടെന്നു വെക്കാം. അത്രമാത്രം.

ക - എന്ന അക്ഷരത്തിൽ രണ്ട് വർണങ്ങളുണ്ടല്ലോ. ക് - എന്ന വ്യഞ്ജനവും അ - എന്ന സ്വരവും (വർണമാല ഉപയോഗിക്കുന്നവർ KA എന്നെഴുതും). അതിലെ ജീവൻ അകാരമാണ്. കാണുന്നതോ ശരീരവും. അതുകൊണ്ടായിരിക്കാം തമിഴിൽ സ്വരത്തിന് ഉയിർ എന്നും വ്യഞ്ജനത്തിന് മെയ് എന്നും പേരു നൽകിയിരിക്കുന്നത്.

വ്യഞ്ജനങ്ങളിൽ സ്വരാംശമില്ലെന്നു കാണിക്കാൻ മുകളിൽ വലതുവശത്ത് ഒരു ചന്ദ്രക്കല ഇടുന്ന രീതിയാണ് മലയാളം സ്വീകരിച്ചിട്ടുള്ളത്. അക്ഷരത്തിൽ രണ്ടു വ്യഞ്ജനങ്ങളെങ്കിലും ഉണ്ടെങ്കിലേ കൂട്ടക്ഷരമാകൂ.

**സ്വര-വ്യഞ്ജനഭേദം**

അക്ഷരങ്ങളെ സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നിങ്ങനെ തരംതിരിച്ചതിന്റെ യുക്തിയെന്ത്? ഉച്ചാരണവിഷയത്തിൽ അവ തമ്മിലുള്ള മൗലികമായ വ്യത്യാസം തന്നെയാണ് പ്രധാനം. ശ്വാസനാളിയിലൂടെ പുറത്തേക്കുവരുന്ന വായുവിനെ എവിടെയും തടസ്സപ്പെടുത്താതെ ഉച്ചരിക്കുന്നവയാണ് സ്വരങ്ങൾ. വായു പുറത്തേക്കു വരുംവഴിയിൽ കണ്ഠനാളി തൊട്ട് ചുണ്ടുവരെയുള്ള ഭാഗങ്ങളിൽ

ഒന്നു തടഞ്ഞുവെച്ചതിനുശേഷം ഉച്ചരിക്കപ്പെടുന്നവയെത്രെ വ്യഞ്ജനങ്ങൾ. (അ, ക എന്നീ അക്ഷരങ്ങൾ ഉച്ചരിച്ചു നോക്കിയാൽ സ്വരവും വ്യഞ്ജനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാവും.)

ദ്രാവിഡഗോത്രത്തിൽപ്പെട്ട മലയാളഭാഷയിൽ ദ്രാവിഡാക്ഷരങ്ങളും സംസ്കൃതത്തിൽനിന്ന് സ്വീകരിക്കപ്പെട്ട അക്ഷരങ്ങളുമുണ്ട്. ആകെ 53 അക്ഷരങ്ങളെന്ന് ഏ.ആർ. നിജപ്പെടുത്തിയിരിക്കുന്നു. മലയാളാക്ഷരമാലയുടെ ചരിത്രം ഇങ്ങനെ സംക്ഷേപിക്കാം.

ദ്രാവിഡ ഗോത്രത്തിൽപ്പെട്ട മലയാളഭാഷയിൽ ദ്രാവിഡാക്ഷരമാലയാണ് ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. 12 സ്വരങ്ങളും 18 വ്യഞ്ജനങ്ങളുമാണ് അതിൽ ഉള്ളത്. രാമചരിതം പോലുള്ള പ്രാചീന പാട്ടുകൃതികളിൽ ദ്രാവിഡാക്ഷരങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. 10, 11 നൂറ്റാണ്ടുകളിൽ കേരളഭാഷയും സംസ്കൃതവും ഇടകലർത്തി ഒരു മിശ്രഭാഷ രൂപപ്പെടുകയും സംസ്കൃത പണ്ഡിതന്മാർ ധാരാളം രചനകളിലൂടെ അതിന് ഒരു സ്വീകാര്യത വരുത്തുകയും ചെയ്തു. സംസ്കൃത പദങ്ങൾ തത്സമങ്ങളായി പ്രയോഗിക്കുന്നതിന് നിലവിലുള്ള അക്ഷരമാലയിൽ സംസ്കൃതാക്ഷരങ്ങൾ കൂടി ചേർത്താണ് അവർ സാഹിത്യരചനയിൽ ഏർപ്പെട്ടിരുന്നത്. കാലാന്തരത്തിൽ അതു മണിപ്രവാള പ്രസ്ഥാനം എന്ന് അറിയപ്പെടുകയും 14-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഒരു ലക്ഷണഗ്രന്ഥം ഉണ്ടാകത്തക്കവിധം (ലീലാതിലകം) മണിപ്രവാളഭാഷ ഇവിടെ വേരുറയ്ക്കുകയും ചെയ്തു. സംസ്കൃതത്തിൽ നിന്ന് 4 സ്വരങ്ങളും 19 വ്യഞ്ജനങ്ങളും കൂടി ചേർത്താണ് ഭാഷ രൂപപ്പെട്ടത്.

മലയാളം അക്ഷരമാല പട്ടികപ്പെടുത്തിയപ്പോൾ 16 സ്വരങ്ങൾ, 37 വ്യഞ്ജനങ്ങൾ എന്നു കാണുന്നത് ഈ സാഹചര്യത്തിലാണ്. കേരളപാണിനിക്കു മുമ്പ് അക്ഷരസംഖ്യയുടെ കാര്യത്തിൽ പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരായിരുന്നു 46 മുതൽ 56 വരെ നിർണയിക്കപ്പെട്ടിട്ടുണ്ട്. രാജരാജവർമ്മയാണ് 53 അക്ഷരങ്ങൾ എന്നു നിജപ്പെടുത്തിയത്. അതാണ് പട്ടികയിൽ കാണുന്നത്.

1968-70 കാലത്തെ ലിപി പരിഷ്കരണത്തോടെ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. സംസ്കൃതത്തിൽ നിന്നെടുത്ത 4 സ്വരങ്ങളിൽ മൂന്നെണ്ണവും മലയാളഭാഷയ്ക്ക് ആവശ്യമില്ലെന്നു കണ്ട് ഉപേക്ഷിക്കുകയും ഋ മാത്രം നിലനിർത്തുകയും ചെയ്തു. ഇപ്പോൾ സ്വരസംഖ്യ 13 ആണ്.

വ്യഞ്ജനങ്ങളിൽ ദ്രാവിഡാനുനാസികത്തിന് രാജരാജവർമ്മ നിർദേശിച്ച ലിപി പൊതുജനങ്ങൾക്ക് ആവശ്യമില്ലായിരുന്നു. നന-എന്ന് ഒരേ ലിപി തന്നെ രണ്ടുവട്ടം എഴുതിയാൽ ആദ്യത്തേത് ദന്ത്യാനുനാസികമായും രണ്ടാമത്തേത് വർത്സ്യാനുനാസികമായും ഉച്ചരിക്കുവാൻ മലയാളി ശീലിച്ചു കഴിഞ്ഞു. വർത്സ്യവർഗ്ഗം ദ്രാവിഡത്തിലേ ഉള്ളൂ. അതുകൊണ്ടാണ് ദ്രാവിഡാനുനാസികം എന്ന് പട്ടികയിൽ കാണുന്നത്.

ഖരത്തെ നാദീകരിച്ച് മാർഗ്ഗഭേദം വരുത്തി ഉച്ചരിക്കുമ്പോഴാണ് അനുനാസിക ധ്വനി പുറപ്പെടുന്നത്. അതുകൊണ്ട് ഒരു വർത്സ്യഖരവും ഉണ്ടാകാതെ വയ്യ. ആന്റണി എന്ന വാക്കിൽ 'ആൻ' കഴിഞ്ഞ് 'റ' ഉച്ചരിക്കുന്നത് എങ്ങനെയെന്ന് ശ്രദ്ധിക്കുക. എന്റെ, നിന്റെ മുതലായ പദങ്ങളിലെ റകാര ലിപിക്കും ഇതേ ധ്വനിയാണ്. ഇതാണ് വർത്സ്യഖരം. സംസ്കൃതത്തിലില്ലാത്ത ഒരു

വർത്സ്യവർഗ്ഗം ദ്രാവിഡത്തിലുണ്ട്. സ്വന്തം ലിപി ഏർപ്പെടുത്തിയിട്ടില്ല. വർത്സ്യഖരത്തിന് 'റ്റ' എന്ന ലിപിയും അനുനാസികത്തിന് 'ന' - എന്ന ലിപിയും ഉപയോഗിക്കുന്നു.

### അക്ഷരമാല പട്ടികപ്പെടുത്തൽ

ഇപ്രകാരം 13 സ്വരങ്ങളും 38 വ്യഞ്ജനങ്ങളും ചേർത്ത് 51 അക്ഷരങ്ങളാണ് ഇപ്പോൾ മലയാളത്തിൽ ഉപയോഗിച്ചു വരുന്നത്.

അക്ഷരമാല പട്ടികപ്പെടുത്തിയതിൽ സംസ്കൃതരീതി സ്വീകരിച്ചതുകൊണ്ട് ചില പാകപ്പിഴകൾ പറ്റിയിട്ടുണ്ട്. രണ്ടു സ്വരങ്ങൾ ചേർന്നുണ്ടാകുന്നവയാണ് സംസ്കൃതത്തിലെ സന്ധ്യക്ഷരങ്ങൾ. അവ ദീർഘരൂപത്തിലേ നിൽക്കൂ.

അ + ഇ : ഏ - ദേവ + ഇന്ദ്രൻ

അ + ഉ : ഓ - പര + ഉപകാരം

അ + ഏ : ഐ - തഥാ + ഏവ

അ + ഓ : ഔ - ദിവ്യ + ഓഷധി

ഇങ്ങനെ 4 സന്ധ്യക്ഷരങ്ങളേ സംസ്കൃതത്തിലുള്ളൂ. ഹ്രസ്വമായ എകാര ഒകാരങ്ങൾ കൂടി ചേർക്കാൻ കേരളപാണിനി നിർബന്ധിതനായി. മലയാളത്തെ സംബന്ധിച്ചിടത്തോളം എ, ഏ, ഒ, ഓ എന്നിവ സന്ധ്യാക്ഷരങ്ങളല്ല, സമാനാക്ഷരങ്ങളാണ്. ഇക്കാര്യം അദ്ദേഹത്തിന് പിന്നീട് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് കേരളപാണിനീയത്തിന്റെ സൂക്ഷ്മ വായനയിൽ നിന്ന് മനസ്സിലാക്കാം.

യൂറോപ്യൻ ഭാഷകളിലും ഇന്ത്യൻ ഭാഷകളിലും അഞ്ചു കേവലസ്വരങ്ങളാണുള്ളത്. ക്രമം വ്യത്യാസപ്പെട്ടിട്ടുണ്ടെന്നേയുള്ളൂ.

അ എ ഇ ഉ - (ധ്വനിമൂല്യം)

കേന്ദ്രസ്വരത്തിനു ശേഷം മുൻ സ്വരങ്ങൾ (2) പിൻസ്വരങ്ങൾ (2) എന്ന ക്രമത്തിൽ. ഇന്ത്യൻ ക്രമം മറ്റൊരു രീതിയിൽ - അ, ഇ, ഉ, എ, ഒ. അവയ്ക്ക് ഓരോ ദീർഘം കൂടി വന്നപ്പോൾ സ്വരസംഖ്യ 10 ആയി. ഐ, ഔ എന്ന സന്ധ്യക്ഷരങ്ങൾ കൂടി ചേർന്നാണ് ദ്രാവിഡാക്ഷരമാലയിൽ സ്വരസംഖ്യ പന്ത്രണ്ട് ആയത്. അവയുടെ നിഷ്പത്തി സംസ്കൃതത്തിലേതുപോലല്ല. അകാരത്തോട് യകാര വകാരങ്ങളുടെ ധ്വനി സ്വീകരിച്ചു ചേർത്തിരിക്കുന്നുവെന്ന് കേരളപാണിനീയത്തിൽ മറ്റൊരു സന്ദർഭത്തിൽ രാജരാജവർമ്മ കൃത്യമായി നിരീക്ഷിച്ചിട്ടുണ്ട്.

മലയാളത്തിൽ ഇപ്പോൾ ഉപയോഗിച്ചുപോരുന്ന 13 സ്വരങ്ങളിൽ 7 എണ്ണം സമാനാക്ഷരങ്ങളും ആറെണ്ണം സന്ധ്യക്ഷരങ്ങളുമാണ്.

| **സമാനാക്ഷരം** | **സന്ധ്യക്ഷരം** | **ആകെ** |
|---|---|---|
| ഹ്രസ്വം | അ, ഇ, ഉ, ഋ, എ, ഒ | 6 |
| ദീർഘം - | ആ, ഈ, ഊ, ഏ, ഓ | 5 |
| സന്ധ്യക്ഷരം - | ഐ ഔ | 2 |
| | | **13** |

ഇവയ്ക്കു പുറമേ അനുസ്വാരവിസർഗ്ഗങ്ങളും ൻ, ൺ, ർ, ൽ, ൾ എന്ന അഞ്ചു ചില്ലുകളും ലിപിയില്ലാത്ത ഒരു കേന്ദ്രസ്വരവും നാം ഭാഷയിൽ ഉപയോഗിക്കുന്നുണ്ട്. മുൻകാലങ്ങളിൽ അനുസ്വാര വിസർഗ്ഗങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ടി അക്ഷരമാലയിൽ അം, അഃ - എന്നി

ങ്ങനെ അകാരത്തോടു ചേർത്ത് എഴുതിയിരുന്നു. എന്നാൽ അക്ഷരങ്ങളല്ലാത്തതിനാൽ രാജരാജവർമ്മ അവയെ അക്ഷരമാലയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

മലയാളത്തിൽ വിശേഷപ്രാധാന്യമുള്ള ഒരു വർണമുണ്ട് സംവൃതോകാരം. സംവൃതോകാരത്തിന് സ്വന്തമായ ഒരു ലിപി ഇല്ല. പദാന്ത്യത്തിൽ വ്യഞ്ജനാക്ഷരങ്ങൾക്കു മുകളിലായി രേഖപ്പെടുത്തുന്ന ചന്ദ്രക്കല സംവൃതോകാരത്തെയാണ് സൂചിപ്പിക്കുന്നത്.

**സംവൃതോകാരത്തിന് ഭാഷയിലുള്ള പ്രാധാന്യം**

ലിപിയില്ലാത്ത ഒരു കേന്ദ്രസ്വരം ഭാഷയിൽ ഉപയോഗിക്കുന്നുണ്ടെന്ന് നേരത്തേ കണ്ടുവല്ലോ. അതിനാണ് കേരളപാണിനീയത്തിൽ സംവൃതോകാരം എന്നു പേരു നൽകിയിട്ടുള്ളത്. എന്നാൽ അത് ഉകാരത്തിന്റെ സംവൃതാവസ്ഥയല്ലെന്നു ഭാഷാശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞിട്ടുള്ളതുകൊണ്ട് ഇപ്പോൾ കേന്ദ്രസ്വരം എന്നു പറയുന്നു.

ലീലാതിലകത്തിൽ ഈ സ്വരത്തെ അർദ്ധമാത്രോകാരമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കവിതയിലും മറ്റും ഇതു പ്രയോഗിക്കുമ്പോൾ ഒരു മാത്രയുണ്ടല്ലോ എന്ന് സ്വയം ആക്ഷേപിച്ച് അതു വ്യഞ്ജനയോഗംകൊണ്ടാകാം എന്നു സമാധാനിക്കുകയും ചെയ്യുന്നു. ഗുണ്ടർട്ടും അരയുകാരം എന്നു പറയുന്നു. രാജരാജവർമ്മയാകട്ടെ ദീർഘമായ ചർച്ചകൾക്കൊടുവിൽ മറ്റു സ്വരങ്ങളെപ്പോലെ ഇതും ഒരു മാത്രയുള്ള, അർഥവ്യാവർത്തന ശേഷിയുള്ള ഒരു സ്വരമാണെന്നും പദാന്തവ്യഞ്ജനത്തിന്റെ ഉച്ചാരണ സ്ഫുടതയ്ക്കുവേണ്ടി ചേർക്കുന്നതാണെന്നും നിരീക്ഷിച്ചു. എന്നാൽ ഉകാരഭിന്നമാണെന്നു കണ്ടെത്താൻ അദ്ദേഹത്തിനും കഴിഞ്ഞില്ല. മാത്രമല്ല, പദാന്തത്തിലല്ലാതെ വരുമ്പോൾ ഉകാരമായി തെളിയുന്നുമുണ്ട്. നോക്കുക.

അത്

അതുകൊണ്ട്

അതുകൊണ്ടുതന്നെ

ഈ പെരുമാറ്റരീതി കണ്ടും പൂർവികരെ ധിക്കരിക്കാനുള്ള മടികൊണ്ടുമാകാം ഉകാരത്തിന്റെ സംവൃതാവസ്ഥയായി പരിഗണിച്ച് രാജരാജവർമ്മ ഈ സ്വരത്തിന് സംവൃതോകാരം എന്നു നാമകരണം ചെയ്യുകയും ഉകാര ചിഹ്നം ചേർത്ത് മുകളിൽ ഒരു ചന്ദ്രക്കല ഇടണം എന്ന ലിപി നിർദേശിക്കുകയും ചെയ്തത്. താമസിയാതെ തിരുവിതാംകൂറിലെ സ്കൂളുകളിൽ ഇതു നടപ്പിലായി. പഴയ കൊച്ചി രാജ്യത്തും മലബാർ ഭാഗത്തും വ്യഞ്ജനത്തിനു മുകളിൽ ചന്ദ്രക്കല ഇടുന്ന ഇപ്പോഴത്തെ സമ്പ്രദായമാണ് അന്നു നിലനിന്നിരുന്നത്. ചില പ്രദേശങ്ങളിൽ ചന്ദ്രക്കല കൂടാതെ അത, ഇത എന്ന രീതിയിൽ എഴുതിയിരുന്നു. പഴയ തീറാധാരങ്ങളിലും സർക്കാർ രേഖകളിലും മറ്റും താലൂക്ക, വില്ലേജ എന്നൊക്കെ കാണാം.

1949-ലെ തിരുവിതാംകൂർ-കൊച്ചി സംയോജനത്തെത്തുടർന്ന് 19-50 അധ്യയന വർഷം മുതൽ കൊച്ചിയിലും കേരളപ്പിറവിയെത്തുടർന്ന് 19-57-58 അധ്യയന വർഷം മുതൽ പഴയ മലബാർ പ്രദേശത്തും പാഠപുസ്തകങ്ങളിലൂടെ സംവൃതോകാരലിപി നടപ്പിലായി.

ലിപി പരിഷ്കരണത്തിനുവേണ്ടി 1968-ൽ കേരള ഗവൺമെന്റ് നിയോഗിച്ച ശൂരനാടൻ കമ്മിറ്റി ആധുനിക ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഈ സ്വരത്തെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയും ഇത് ഉകാരഭിന്നമായ ഒരു സ്വതന്ത്രസ്വരമാണെന്നു തിരിച്ചറിഞ്ഞ് ഉകാരചിഹ്നം ഉപേക്ഷിച്ച് ചന്ദ്രക്കലമാത്രം ഇട്ടാൽ മതിയെന്നു നിർദേശിക്കുകയും ചെയ്തു. ആ സമ്പ്രദായമാണ് എഴുപതുകളുടെ ആരംഭം മുതൽ പാഠപുസ്തകങ്ങളിലൂടെ നടപ്പിലായിരിക്കുന്നത്.

1. ഭാഷാശാസ്ത്രപ്രകാരം ഇതൊരു കേന്ദ്ര സ്വരമാണ്
2. താരതമ്യേന ദുർബലമായതിനാൽ വ്യഞ്ജനത്തോടുചേർന്നേ നിൽക്കാൻ കഴിയൂ.
3. പദാന്ത്യത്തിൽ മാത്രമേ ഇതു പ്രയോഗിക്കപ്പെടുന്നുള്ളൂ.
4. മറ്റു കേവലസ്വരങ്ങളെപ്പോലെ ദീർഘമാകാനുള്ള കഴിവില്ല.
5. പദാന്തവ്യഞ്ജനത്തിന്റെ ഉച്ചാരണസ്ഫുടതയ്ക്കുവേണ്ടിയാണ് ഇതു ചേർക്കുന്നത്.
6. മറ്റു ദ്രാവിഡഭാഷകൾ ഈ സ്വരം നഷ്ടപ്പെടുത്തിയതുകൊണ്ടാണ് പൂർണക്രിയാനിഷ്പാദനത്തിന് പുരുഷപ്രത്യയങ്ങൾ ചേർക്കാനിടയായത്.

സ്വതന്ത്രമായ നിലനിൽപ്പ് ഇല്ലാത്തതിനാലാകാം ഇതിന് പ്രത്യേകം ലിപിയില്ല. എഴുതിക്കാണിക്കാൻ വയ്യാത്തതുകൊണ്ടാകാം അക്ഷരമാലയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരുപക്ഷേ ലോക ഭാഷകളിൽ തന്നെ മലയാളത്തിൽ മാത്രമാണ് അർഥവ്യാവർത്തനശേഷിയോടെ ഇങ്ങനെയൊരു കേന്ദ്രസ്വരം നിലനിൽക്കുന്നത്. അതിന്റെ പ്രാധാന്യവും പ്രസക്തിയും മലയാളി തിരിച്ചറിയുക തന്നെ വേണം.

സംവൃതോകാര ലിപി (ു്) ഉപേക്ഷിച്ചതോടെ പലഭാഗത്തുനിന്നും ശക്തമായ പ്രതിഷേധമുണ്ടായി. ലോപസന്ധികളിൽ പലതും കുട്ടികളെ പറഞ്ഞു ധരിപ്പിക്കാൻ കഴിയുന്നില്ലെന്നായിരുന്നു മുഖ്യമായ ആക്ഷേപം. പഴയ ലിപി സമ്പ്രദായത്തിൽ

അതു് + ഇല്ല: അതില്ല-പൂർവപദാന്ത്യത്തിലെ സംവൃതോകാരം ലോപിച്ചു. ഈ സന്ധിവികാരം വളരെ എളുപ്പത്തിൽ കുട്ടികളെ ധരിപ്പിക്കുന്നതിനും സമാന സന്ദർഭങ്ങളിൽ സ്വയം സന്ധി നിർണയിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും കഴിയുന്നു. എന്നാൽ

അത് + ഇല്ല - എന്നു പിരിച്ചെഴുതി എങ്ങനെ സന്ധി നിർണയിക്കും? ചന്ദ്രക്കല ലോപിച്ചു എന്നു പലരും കണ്ടെത്താറുണ്ടെങ്കിലും അതു പൂർണമായും ശരിയല്ല. ഒരു വർണം ലോപിച്ചാലേ ലോപ സന്ധിയാകൂ. ചന്ദ്രക്കല വർണമല്ലല്ലോ.

സംവൃതോകാരലിപി പരക്കെ നടപ്പിലാകുന്നതിനുമുമ്പ് ചന്ദ്രക്കല നാം രണ്ടു കാര്യങ്ങൾക്ക് ഉപയോഗിച്ചിരുന്നു; ഒരു സ്വരവും ചേർന്നിട്ടില്ലാത്ത വർണ്ണമാണെന്നു കാണിക്കുന്നതിനും കേന്ദ്രസ്വരം ചേർന്ന അക്ഷരമാണെന്നു കാണിക്കുന്നതിനും. ഉച്ചാരണക്ഷമത അക്ഷരത്തിനേ ഉള്ളൂ; വർണ്ണത്തിനില്ല. ഉച്ചരിച്ചു നോക്കിയാൽ തിരിച്ചറിയാമല്ലോ.

കടുക് കാട് അത്

ദൃക്സാക്ഷി കാട്പാടി തത്കാലം

ചന്ദ്രക്കല ഇട്ടിട്ടുള്ള ലിപികൾ ശ്രദ്ധാപൂർവം ഉച്ചരിച്ചാൽ ആദ്യത്തെ വരിയിൽ ഉള്ളവ ഒരു മാത്രയെടുത്ത് ഉച്ചരിക്കുന്ന അക്ഷരങ്ങളാണെന്നും രണ്ടാമത്തെ വരിയിലുള്ളവ ഉച്ചാരണക്ഷമമല്ലാത്ത വർണ്ണങ്ങളാണെന്നും തിരിച്ചറിയാമല്ലോ.

ഉച്ചാരണത്തിലൂടെ മാത്രമല്ല സ്ഥാനം കൊണ്ടും കേന്ദ്രസ്വരത്തിന്റെ സാന്നിധ്യം തിരിച്ചറിയാം. കേന്ദ്രസ്വരം പദാന്ത്യത്തിലേ വരൂ. പദമധ്യത്തിൽ കാണുന്നത് ഒരിക്കലും കേന്ദ്രസ്വരമായിരിക്കില്ല. മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ നിന്ന് അതും വ്യക്തമാണല്ലോ.

പദാന്ത്യത്തിൽ കാണുന്ന കേന്ദ്രസ്വരം സ്വരാദിയായ പദത്തിനു മുമ്പിൽ ലോപിക്കുകയും വ്യഞ്ജനാദിയായ പദത്തിനു മുമ്പിൽ ഉകാരമായി തെളിയുകയും ചെയ്യുന്നു.ലോപിക്കുന്നത് കണ്ടു കഴിഞ്ഞു.കേരളപാണിനീയത്തിലെ ആദ്യത്തെ കാരികതന്നെ അതിനെപ്പറ്റിയാണല്ലോ.

*"സ്വരത്തിൻ മുമ്പു ലോപിക്കും*
*സംവൃതം വ്യർത്ഥമാകയാൽ*
*അതിനെ സ്വരമായിട്ടേ -*
*വകവെക്കേണ്ട സന്ധിയിൽ".*

സംവൃതം ഒരു വ്യർത്ഥസ്വരമാണെന്നും അതിനെ ഒരു സ്വരമായി പരിഗണിക്കേണ്ടതില്ലെന്നും കേരളപാണിനി പറഞ്ഞിട്ടുള്ളതായി ചില പണ്ഡിതന്മാർ സമർത്ഥിക്കാറുണ്ട്. ഉകാരഭിന്നമാണെന്നു പറയാൻ വൈമുഖ്യമുണ്ടെങ്കിലും - അതൊരു പക്ഷേ പൂർവികരെ ധിക്കരിക്കാനുള്ള മടി കൊണ്ടുമാകാം ഈ പ്രത്യേകസ്വരത്തിന്റെ അളവും(ഒരു മാത്ര) - മൂല്യവും-(അർത്ഥവ്യാവർത്തനശേഷി) അതിസൂക്ഷ്മമായി കണ്ടെത്തിയ അദ്ദേഹം ഒരിക്കലും അങ്ങനെ പറയില്ല. കാരിക ശ്ലോകരൂപത്തിലാണ്.

*"സംവൃതം സ്വരത്തിൻ മുമ്പു വ്യർത്ഥ*
*മാകയാൽ ലോപിക്കും*
*അതിനെ സന്ധിയിൽ സ്വരമായിട്ടേ*
*വകവെക്കേണ്ട."*

എന്ന് അന്വയക്രമം കണ്ടെത്തിയാൽ വിവക്ഷിതം ബോധ്യപ്പെടും. ആ കാരികയുടെ വിവരണത്തിലും മറ്റു ചില സന്ദർഭങ്ങളിൽ അദ്ദേഹം നല്കുന്ന സൂചനകളിലും നിന്ന് വിവക്ഷിച്ചതെന്താണെന്നു വ്യക്തമായി ഗ്രഹിക്കാം.

പദാന്തവ്യഞ്ജനം ഉച്ചാരണക്ഷമമായിരിക്കണമെന്ന് മലയാളഭാഷയ്ക്കു നിർബന്ധമുണ്ട്. അതിന് സ്വരം ചേർക്കണമല്ലോ. യൂറോപ്യൻ ഭാഷകൾക്ക് ആ നിർബന്ധമില്ല. അവിടെ വ്യഞ്ജനാന്തപദങ്ങൾ ധാരാളം. ഇംഗ്ലീഷിലെ 'ബുക്' എന്ന വ്യഞ്ജനാന്തപദം നോക്കുക. ഇംഗ്ലീഷിൽ സംസാരിക്കുമ്പോൾ 'ബു' എന്ന അക്ഷരം മാത്രമേ വ്യക്തമായി കേൾക്കൂ. ശേഷം ഒരു അസ്പഷ്ടധ്വനിയാണ്. ഈ രീതി മലയാളത്തിനു യോജിച്ചതല്ല. നാം അതിൽ കേന്ദ്രസ്വരം ചേർത്ത് ഉറപ്പിച്ച് ഉച്ചരിക്കുന്നു. - ബുക്ക്.

പദാന്തേ വ്യഞ്ജനം വന്നാൽ
സംവൃതം ചേർത്തു ചൊല്ലുക
-

എന്ന് രാജരാജവർമ്മ തന്നെ മറ്റൊരു സന്ദർഭത്തിൽ ഒരു കാരികാഖണ്ഡത്തിൽ ഇക്കാര്യം സ്പഷ്ടമാക്കിയിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ കേന്ദ്രസ്വരത്തിന്റെ ഒരു പ്രധാന ധർമ്മം പദാന്തവ്യഞ്ജനത്തിന് ഉച്ചാരണക്ഷമത നല്കുക എന്നതാണ്. ഉത്തരപദാദിയിൽ ഒരു സ്വരം വരുമ്പോൾ ആ ധർമ്മം നിർവഹിക്കാൻ കേന്ദ്രസ്വരം ആവശ്യമില്ല. അതുകൊണ്ടാണ് സ്വരത്തിനുമുമ്പ് സംവൃതം വ്യർത്ഥമാകുന്നത്. അതിനെ വകവെക്കാതെ സന്ധിയിൽ ഉത്തരപദാദിയിലെ സ്വരം പൂർവപദാന്ത്യത്തിൽ ചേർത്താൽ മതി.

ബുക്കല്ല, ബുക്കില്ല, ബുക്കുണ്ട്, ബുക്കെവിടെ - എന്നിങ്ങനെ

സ്വരം പരം വരുമ്പോൾ മുൻനില്ക്കുന്ന സംവൃതോകാരം ലോപിക്കും എന്ന കേരളപാണിനീയനിരീക്ഷണത്തെപ്പറ്റിയാണ് ഇത്രയും പറഞ്ഞത്. ഉത്തരപദാദിയിൽ വരുന്നതു വ്യഞ്ജനമാണെങ്കിലോ അപ്പോൾ കേന്ദ്രസ്വരം ഉകാരമായി മാറുന്നുവെന്ന് നേരത്തേ പറഞ്ഞു.

അത്, അതുകൊണ്ട്, അതുകൊണ്ടു തന്നെ - എന്നിങ്ങനെ. ഈ വർണ്ണവികാരം കണ്ടിട്ടാണ് തൊൽകാപ്പിയകാരൻ മുതൽ കേരളപാണിനിവരെ ഈ സ്വരത്തെ ഉകാരത്തോടു ബന്ധിപ്പിച്ചത്. ഉച്ചാരണരീതി നോക്കിയാൽ ഉച്ചാരണസ്ഥാനങ്ങളോ ഉച്ചാരണാവയവങ്ങളോ ഉപയോഗിക്കാതെ കേന്ദ്രസ്വരമായ അകാരത്തെപ്പോലെ വായുടെ ആകൃതിയിൽ മാത്രം അല്പം മാറ്റം വരുത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ധ്വനിയാണ് ഇതിന്റേത്.

അതുകൊണ്ടാണ് ഇതിനെ കേന്ദ്രസ്വരമായി പരിഗണിക്കുന്നത്. വ്യഞ്ജനാദിപദങ്ങളോടു ചേരുമ്പോൾ പൂർവപദാന്ത്യത്തിലെ കേന്ദ്രസ്വരം എന്തുകൊണ്ട് ഉകാരമായിത്തീരുന്നുവെന്നു പരിശോധിക്കാം.

സ്വരങ്ങൾ മാത്രമാണ് അക്ഷരങ്ങൾ. ഇന്ത്യയിലെ എല്ലാ വികസിതഭാഷകളിലും ആദ്യത്തെ അക്ഷരം അകാരമാണ്. ഇംഗ്ലീഷ് മുതലായ യൂറോപ്യൻ ഭാഷകളിലും അകാരം തന്നെയാണ് ആദ്യം കാണുന്നത്. വർണ്ണമാല ഉപയോഗിക്കുന്നതിനാൽ അവർ ലിപികൾക്ക് ഓരോ പേരിട്ടിരിക്കയാണ്.

എല്ലാ സ്വരങ്ങളുടെയും അടിസ്ഥാനം അകാരമാണ്. കണ്ഠത്തിൽനിന്ന് എങ്ങും ഒരു തടസ്സവുമില്ലാതെ പ്രധാന ഉച്ചാരണ അവയവമായ നാവുപോലും അനക്കാതെ പുറപ്പെടുന്ന ധ്വനിയാണത്. നാവ് അല്പം ഉയർത്തി മുന്നോട്ടുതള്ളി ശബ്ദം പുറപ്പെടുവിക്കുമ്പോൾ 'എ' എന്ന സ്വരവും അല്പം കൂടെ നീങ്ങിയാൽ 'ഇ' എന്ന സ്വരവുമായിത്തീരുന്നു. ഈ പ്രക്രിയ നാവ് ഉള്ളിലേക്കു വലിച്ചുകൊണ്ടാണ് ചെയ്യുന്നതെങ്കിൽ യഥാക്രമം ഒ, ഉ എന്നീ സ്വരങ്ങളായിത്തീരുന്നു. ഇത് സൂക്ഷ്മമായി നിരീക്ഷിച്ചാണ് യവനപണ്ഡിതന്മാർ സഹസ്രാബ്ദങ്ങൾക്കു മുമ്പേ അ എ ഇ ഒ ഉ എന്നു സ്വരങ്ങളെ ചിട്ടപ്പെടുത്തിയത്. a e i o u എന്ന് നാം വായിക്കുന്നത് ലിപിയുടെ പേരുകൾ മാത്രമാണ്. ഇവയിൽ എ, ഇ എന്നിവയെ മുൻസ്വരങ്ങൾ (അഗ്രസ്വരങ്ങൾ ) എന്നും ഒ, ഉ എന്നിവയെ പിൻസ്വരങ്ങൾ (മൂലസ്വരങ്ങൾ) എന്നും ഭാഷാശാസ്ത്രത്തിൽ പറയുന്നു. വ്യാകരണത്തിൽ യഥാക്രമം താലവ്യമെന്നും. ഓഷ്ഠ്യമെന്നും അകാരം എല്ലാ സ്വരങ്ങളുടെയും കേന്ദ്രമായി വർത്തിക്കുന്നു.

ഈ കേന്ദ്രസ്വരത്തെ ഏതെങ്കിലും സാഹചര്യത്തിൽ ഒന്നു ബലപ്പെടുത്തുകയോ മാറ്റുകയോ ചെയ്യേണ്ടി വരുമ്പോൾ അത് അഗ്രസ്ഥാനത്തേക്കോ മൂലസ്ഥാനത്തേക്കോ നീങ്ങുക എന്നു നോക്കാം.

| | | |
|---|---|---|
| നാം | - | നോം |
| നമ്മൾ | - | നൊമ്മൾ |
| | | നുമ്മൾ |

(പ്രദേശികവ്യവഹാരഭാഷ)

ചർച്ചാവിഷയമായ സംവൃതോകാരത്തിന് ഉകാരവുമായി ഒരു ബന്ധവുമില്ലെന്നും ദുർബലമായ ആ കേന്ദ്രസ്വരത്തെ ബലപ്പെടുത്തേണ്ടി വരുമ്പോൾ ഉകാരമായി മാറുന്നത് ഒരു സ്വാഭാവികപരിണതിയാണെന്നും സ്ഥാപിക്കാനാണ് ഇത്രയും പറഞ്ഞത്.

സന്ദർഭവശാൽ ഒരു കാര്യം കൂടി.

അകാരത്തിന്റെ മൂല്യനിർണ്ണയത്തിൽ കേരളപാണിനിക്ക് ആകെ ആശയക്കുഴപ്പമുണ്ടെന്നാണ് കേരളപാണിനീയഭാഷ്യകാരനായ സി.എൽ.ആന്റണി പറയുന്നത്. ആദ്യം അകാരം കണ്ഠസ്വരമാണെന്നു പറഞ്ഞു.

'അ, ക വർഗ്ഗം കണ്ഠജമാം' എന്നാരംഭിക്കുന്ന കാരികയിലൂടെ അതുറപ്പിച്ചു.

പിന്നീട് ശുദ്ധസ്വരമാണെന്നു പറഞ്ഞു. ഒടുവിൽ ഓഷ്ഠ്യസ്വരമാണെന്നു വരെ പറഞ്ഞു. ഇങ്ങനെ കേരളപാണിനിയുടെ നിരീക്ഷണങ്ങളെ വളച്ചൊടിച്ചിരിക്കുകയാണ് കേരളപാണിനീയ ഭാഷ്യകാരൻ. സാധാരണ വായനക്കാരന് കേരളപാണിനീയം വായിക്കുമ്പോൾ തോന്നുന്നതിങ്ങനെയാണ്.

*അകാരം കണ്ഠം സ്ഥാനമായിട്ടുള്ള സ്വരമാണ്.*
*കണ്ഠത്തിൽ നിന്നു പുറപ്പെടുന്ന ഈ ധ്വനിക്ക് മറ്റെങ്ങും*
*ഒരു തടസ്സവും അനുഭവപ്പെടുന്നില്ല.*

തമിഴിലെ 'ഐ' കാരം ദുഷിച്ച് മലയാളത്തിൽ അകാരമായിട്ടുണ്ട്. ഐകാരം താലവ്യമായതുകൊണ്ട് ദുഷിച്ചു വന്ന അകാരത്തെ താലവ്യ അകാരമായി കണക്കാക്കണം.

അപ്പോൾ മലയാളത്തിൽ ശുദ്ധമെന്നും താലവ്യമെന്നും രണ്ടു വിധം അകാരങ്ങളുണ്ട്. കണ്ഠഅകാരം ശുദ്ധം, ദുഷിച്ചത് താലവ്യ അകാരം. ആഗമസന്ധിയിൽ യകാരവകാരങ്ങൾ ചേർത്ത് സ്വരസംയോഗം ഒഴിവാക്കുന്നു.

*വർജ്ജിപ്പൂ സ്വരസംയോഗം*
*യവ ചേർത്തു യഥാവലേ.*

അപ്പോൾ മലയാളത്തിലെ സ്വരങ്ങളെ താലവ്യഗണം, ഓഷ്ഠ്യഗണം എന്നു രണ്ടായി കാണണം.

ഇ, ഈ, എ, ഏ, ഐ - വ്യക്തമായ താലവ്യഗണം (അഗ്രസ്വരം)

ഉ, ഊ, ഒ, ഓ, ഔ - വ്യക്തമായ ഓഷ്ഠ്യഗണം (മൂലസ്വരം)

അപ്പോൾ അകാരമോ? താലവ്യഅകാരം താലവ്യഗണത്തിൽപ്പെടും. ശുദ്ധഅകാരമോ? പെരുമാറ്റരീതി നോക്കുമ്പോൾ ഓഷ്ഠ്യഗണത്തിൽപ്പെടുന്നു. ഇത്രയുമാണ് കേരളപാണിനീയത്തിൽനിന്ന് മനസ്സിലാകുന്നത്. അതിൽ കേരള പാണിനിക്കോ വായനക്കാർക്കോ ആശയക്കുഴപ്പമുണ്ടായിരുന്നില്ല. ഭാഷ്യകാരനെ വായിച്ച ചിലർക്കെങ്കിലും മറിച്ചു

തോന്നാം. അതുകൊണ്ടാണ് ഇത്രയും പറഞ്ഞത്.

### ലിപിരൂപങ്ങളിലെ സങ്കീർണ്ണത

വർണങ്ങളും അക്ഷരങ്ങളും മറ്റും എഴുതിക്കാണിക്കുന്നതിന് മനുഷ്യൻ ഏർപ്പെടുത്തിയിട്ടുള്ള ഒരു സങ്കേതമാണ് ലിപി. അത് ആവശ്യത്തിനനുസരിച്ച് പലപ്പോഴും പരിഷ്കരിക്കാറുണ്ട്. ചില മാറ്റങ്ങൾ സ്വാഭാവികമായി വരുന്നവയാണ്. ചിലത് അച്ചടിയുടെ സൗകര്യത്തിനു വേണ്ടി വന്നതാണ്. സർക്കാർ തന്നെ മുൻകൈയെടുത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ ലിപി പരിഷ്കരണം നടത്തിയിട്ടുണ്ട്. ഇങ്ങനെ പലപ്പോഴും മാറ്റങ്ങൾക്കു വിധേയമായതുകൊണ്ടാകാം ചില ലിപിരൂപങ്ങളിൽ സങ്കീർണത കടന്നുകൂടിയത്. അതു വിശദീകരിക്കാമെന്നല്ലാതെ പരിഹാരം നിർദേശിക്കാൻ ഇവിടെ ഒരുമ്പെടുന്നില്ല.

നാം സാധാരണമായി പ്രയോഗിക്കുന്ന മറയ്ക്കുക, അടയ്ക്കുക മുതലായ പദങ്ങളിലെ കൂട്ടക്ഷരത്തിന്റെ ഉച്ചാരണം ശ്രദ്ധിക്കുക.

മറയ്ക്യൂക, അടയ്ക്യൂക എന്നാണോ

മറക്കുക, അടക്കുക എന്നാണോ ഉച്ചരിക്കുന്നത്?

ജഡകർതൃകധാതുവിൽ പ്രയോജകാർത്ഥം കാണിക്കാൻ കാരിതീകരണം മതി എന്നു കേരളപാണിനി നിർദേശിക്കുന്നുണ്ട്. അതനുസരിച്ച് മറയ്, അടയ് എന്നിവയിൽ 'ക്കുക' ചേർത്തിരിക്കയാണ്. എന്നാൽ ഉച്ചരിക്കുമ്പോൾ യകാരധ്വനി പിന്നിലാണ് വരുന്നത്. ഉച്ചാരണസൗകര്യമാകാം ഈ സങ്കീർണതയ്ക്ക് കാരണം. സങ്കീർണതയ്ക്ക് എന്നപോലെ ക്ക് ചേരുന്ന താലവ്യാന്തങ്ങളിലും ദ്വിവിഭക്തിക രൂപങ്ങളിലും (വീട്ടിലേയ്ക്ക്) ഈ സങ്കീർണത കാണാം.

മലയാള ഭാഷയിൽ ധാരാളമായി ഉപയോഗിക്കുന്ന സംസ്കൃത പദങ്ങളിലെ രണ്ടു കൂട്ടക്ഷരങ്ങളിൽ ഇത്തരമൊരു സങ്കീർണതയുണ്ട്. ഹ്ന, ഹ്മ എന്നിവയാണ് അവ, ലിപി സംവിധാനത്തിൽ 'ഹ്ന' എന്നാണ് ചേരുവ. എന്നാൽ ഉച്ചരിക്കുന്നത് നേരേ തിരിച്ച് ന് ഹ എന്നാണ്. റഹ്ന എന്ന പദം ശരിയായി ഉച്ചരിക്കണമെങ്കിൽ അതിലെ കൂട്ടക്ഷരം പിരിച്ചെഴുതുക തന്നെ വേണം. ചേർത്തെഴുതിയാൽ ഇന്ത്യൻ ഭാഷകളിലെ ഉച്ചാരണനിയമമനുസരിച്ച് സായാഹ്നം, മധ്യാഹ്നം മുതലായവ പദങ്ങളിലെ കൂട്ടക്ഷരം ഉച്ചരിക്കുന്നതുപോലെ വേണ്ടി വരും. സായാഹ്നം, മധ്യാഹ്നം എന്നിങ്ങനെ ഈ കൂട്ടക്ഷരം പിരിച്ചെഴുതുന്നതും ശരിയല്ല.

ഹ്മ എന്ന കൂട്ടക്ഷരത്തിലും ഇതേ സങ്കീർണതയുണ്ട്. ഹ്മ എന്നാണ് ചേരുവയെങ്കിലും ഉച്ചരിക്കുന്നത് ഹ്മ പോലെയാണ് ബ്രഹ്മം. ബ്രാഹ്മണൻ എന്ന് കൂട്ടക്ഷരം പിരിച്ചെഴുതിയാൽ ഉച്ചാരണം ശരിയാവില്ല. റഹ്മാൻ എന്ന പദത്തിൽ ഈ കൂട്ടക്ഷരം ചേർത്തെഴുതിയാൽ (റഹ്മാൻ) ഉച്ചാരണം റമ്ഹാൻ എന്നപോലെയാകും.

ഹ്ന, ഹ്മ - ഈ രണ്ടു ലിപി രൂപങ്ങളിലും ഒരേ സങ്കീർണതയാണ് അനുഭവപ്പെടുന്നത്. എന്തായിരിക്കാം അതിനു കാരണം?

രണ്ടിലും എഴുതുന്നതു പോലെയല്ല ഉച്ചാരണം

രണ്ടിലും ഹകാരയോഗമുണ്ട്.

അനുനാസികങ്ങളോടാണ് ചേരുന്നത്.

ഹകാരയോഗം കൊണ്ട് മഹാപ്രാണീകരണം നടക്കുന്നു.

ഖരം അതിഖരവും മൃദു ഘോഷവുമായിത്തീരുന്നു.

പ, പ്ഹ (ഫ), ബ, ബ്ഹ (ഭ), ശ്വാസിയായ പ കാരത്തിന്റെ ധ്വനി ശ്വാസിയായ ഹകാരധ്വനിയോട് ചേർന്ന് ഫ എന്ന അതിഖരമുണ്ടായി.

നാദിയായ 'ബ' കാര ധ്വനി നാദിയായ 'ഹ' കാര ധ്വനിയോടു ചേർന്ന് ഭ എന്ന ഘോഷവർണ്ണമുണ്ടായി.

അതേ രീതിയിൽ അനുനാസികത്തോടു ചേർന്നപ്പോൾ 'മ്ഹ' എന്ന് കൂട്ടക്ഷരമായിത്തീർന്നു. എന്തുകൊണ്ട്?

മഹാപ്രാണീകരണം ദൃഢവ്യഞ്ജനങ്ങളിലേ സംഭവിക്കൂ. അനുനാസികങ്ങൾ ശിഥിലവ്യഞ്ജനങ്ങളായതുകൊണ്ട് മഹാപ്രാണീകരണത്തിലൂടെ ഒരു പുതിയ വർണം ഉണ്ടാകുന്നില്ല. അവിടെ രണ്ടു വർണങ്ങളും (മ്ഹ) അവയുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടാണ് കൂടിച്ചേരുന്നത്. അതുകൊണ്ട് 'മ്ഹ' - കൂട്ടക്ഷരമായി. ഈ വ്യതിരിക്തത സൂചിപ്പിക്കാനാണ് 'ഹ്മ' എന്നു തിരിച്ചിട്ട് 'ഹ്മ' എന്നു കൂട്ടിച്ചേർത്തത്.

'ഹ്ന' എന്ന കൂട്ടക്ഷരത്തിലും സംഭവിച്ചത് ഇതുതന്നെ.

ചുരുക്കിപ്പറഞ്ഞാൽ ഹ്ന, ഹ്മ എന്നീ കൂട്ടക്ഷരങ്ങളിൽ ഹകാരയോഗമുണ്ടെങ്കിലും ദൃഢവ്യഞ്ജനങ്ങളിലെ പോലെ മഹാപ്രാണീകരണം നടക്കുന്നില്ലെന്നും ഹകാരം അതിന്റെ വ്യക്തിത്വം നിലനിർത്തിയിരിക്കുന്നുവെന്നും കാണിക്കാനാണ് ഹകാര ലിപി മുന്നിലാക്കിയത്.

ഒട്ടേറെ സങ്കീർണതകളുള്ള മറ്റൊരു ലിപിരൂപമാണ് ക്ഷ. ഒറ്റനോട്ടത്തിൽ 'ക്ഷ' എന്ന രണ്ടു വർണങ്ങൾ ചേർന്നുണ്ടായ കൂട്ടക്ഷരമാണെന്നേ തോന്നൂ. അതുകൊണ്ടാണ് പക്ഷി, സാക്ഷി എന്ന രീതിയിൽ ഉച്ചരിക്കണമെന്നു ചിലർ പറയുന്നത്.

അപ്പോൾ ചില സംശയങ്ങൾ ഉദിക്കുന്നു.

1. 'ക' കാര 'ഷ' കാരങ്ങൾ ചേർന്ന ഒരു സാധാരണ കൂട്ടക്ഷരമായിരുന്നെങ്കിൽ അതിനെപ്പറ്റി എന്തിന് ഇത്രയേറെ ചർച്ചകൾ നടക്കുന്നു?
2. മുൻകാലങ്ങളിൽ എഴുത്തിനിരുത്തുമ്പോൾ ക്ഷ കൂടി എഴുതിയാണ് അക്ഷരമാല അവസാനിപ്പിച്ചിരുന്നത്.
3. പൂർണമായി എന്ന അർഥത്തിൽ ക്ഷയായി എന്നൊരു പ്രയോഗമുണ്ടല്ലോ.
4. ഭക്തിപ്രസ്ഥാനത്തിന്റെ കാലത്ത് അക്ഷരമാലാക്രമത്തിൽ കീർത്തനങ്ങൾ രചിച്ചിരുന്നവർ 'ക്ഷ' എന്ന അക്ഷരത്തിൽ ആരംഭിക്കുന്ന കീർത്തനമാണ് ഒടുവിൽ ചേർത്തിരുന്നത്.
5. ആക്ഷൻ, കണക്ഷൻ മുതലായ പദങ്ങൾ ആക്ഷൻ, കണക്ഷൻ എന്നൊക്കെ എഴുതുമ്പോൾ ഉച്ചാരണം ശരിയാകുമോ?
6. ഒരു കാലത്ത് ദക്ഷിണ കേരളത്തിൽ വളരെ പ്രചാരത്തിലിരുന്നിരുന്നതും 20-ാം നൂറ്റാണ്ടുവരെ നിലനിന്നിരുന്നതുമായ 'മൂലഭദ്രഭാഷ' എന്ന ഗൂഢഭാഷയിൽ കകാരത്തിനും ഷകാരത്തിനും കോഡ് ഉണ്ടായിരിക്കെ അതിൽനിന്നു ഭിന്നമായി 'വഹക്ഷള' എന്ന് ക്ഷകാരത്തിന് പ്രത്യേകം

കോഡ് ഏർപ്പെടുത്തിയത് എന്തു കൊണ്ട്?

7. ക്ഷമിക്കുക – ഈ വാക്ക് ക്ഷമിക്കുക എന്ന് എഴുതുന്നത് ശരിയോ?

അതുകൊണ്ട് 'ക്ഷ' – യുടെ ചരിത്രം വിശദമായി പരിശോധിക്കണം.

**ക്ഷ**

അക്ഷരമാലയിൽ ഊഷ്മാക്കൾ എന്ന വിഭാഗത്തിൽപ്പെടുന്ന ഒരു വർണ്ണമാണല്ലോ 'ഷ'. മൂന്ന് ഊഷ്മാക്കളാണുള്ളത് ശ – ഷ – സ. ഇവ നേമ സ്പൃഷ്ടങ്ങളാണ് അതായത് പകുതി സ്പർശമുള്ളവ. താലു, മൂർധാവ്, ദന്തം എന്നീ സ്ഥാനങ്ങളിൽ നാവിന്റെ ഏതെങ്കിലും ഭാഗം ഉപയോഗിച്ച് നിശ്വാസ വായുവിനെ തടയാൻ ശ്രമിക്കുകയും എന്നാൽ നാവിന്റെയും വായുടെ മുകൾത്തട്ടിന്റെയും ഇടയിലൂടെ പകുതിയോളം വായു ബഹിർഗമിക്കുകയും ചെയ്യുമ്പോഴാണ് യഥാക്രമം ഈ ധ്വനികൾ പുറപ്പെടുന്നത്. അതുകൊണ്ട് താലവ്യമൂർധന്യദന്ത്യ സ്ഥാനങ്ങളിലുള്ള വർണങ്ങളായി ഇവ പരിഗണിക്കപ്പെടുന്നു. വ്യഞ്ജനങ്ങൾ ഇരട്ടിക്കുക സ്വാഭാവികമാണ് ശ്ശ, ഷ്ഷ, സ്സ എന്നിങ്ങനെ. ഇവയിൽ താലവ്യദന്ത്യങ്ങൾ ഇരട്ടിച്ച അക്ഷരങ്ങളോടുകൂടിയ വാക്കുകൾ ഭാഷയിൽ ധാരാളമുണ്ട്. ദുശ്ശാസനൻ, ദുശ്ശകുനം, മനസ്സാക്ഷി, പുനസ്സമാഗമം തുടങ്ങിയവ. എന്നാൽ ഷകാരം ഇരട്ടിച്ചുള്ള പദങ്ങൾ മലയാളഭാഷയിൽ കാണുന്നില്ല. ആകപ്പാടെ ഉണ്ടായിരുന്ന ദുഷ്ഷന്തൻ എന്ന പദം മലയാളി ദുഷ്യന്തൻ എന്നാക്കി. പ്രാസവാദത്തിന്റെ നാളുകളിൽ സജാതീയ ദ്വിതീയാക്ഷരപ്രാസം എല്ലാ ശ്ലോകങ്ങളിലും പ്രയോഗിക്കാൻ കഴിയില്ലെന്നു തെളിയിക്കാൻ കെ.സി. കേശവപിള്ള

"ദുഷ്ഷന്തനും നൈഷധനും സമന്മാർ"

എന്ന ഒരു സമസ്യ കൊടുത്തു.

എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് കേരളവർമ്മ വലിയകോയിത്തമ്പുരാൻ അതു പൂരിപ്പിച്ചു.

"നൈഷ്ഷമ്യവൽ പൗരുഷമോട
രീണാം
യഷ്ഷണ്ഡമേവൻ സമരത്തിൽ വന്നു
ദുഷ്ഷഡ്രിപുക്കൾക്കനധീനനാമാ-
ദുഷ്ഷന്തനും നൈഷധനും സമന്മാർ."

എന്നായിരുന്നു പൂരണം.

പകുതി സ്പർശം കൊടുത്ത് മൂർധന്യസ്ഥാനത്ത് ദ്വിത്വം വരുത്തുക സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അല്പം ദുഷ്കരമാണ്. അതുകൊണ്ട് അവിടെ ജിഹ്വാഗ്രം ഉറപ്പിച്ച് പൂർണ സ്പർശം കൊടുത്ത് ഉച്ചരിക്കാൻ തുടങ്ങി. അതായത് ഇരട്ടിച്ച ഷകാരം. പൂർണ സ്പർശം കൊടുത്ത് ഉച്ചരിക്കുമ്പോൾ 'ക്ഷ' എന്ന് ആയിത്തീരുന്നു. മൂർധന്യഖരത്തിന്റെ ദ്വിത്വം (ട്ട) ഉച്ചരിക്കുന്ന സ്ഥാനത്തുതന്നെയാണ് 'ക്ഷ' നിൽക്കുന്നതെങ്കിലും ഉച്ചാരണത്തിൽ അല്പം ഷകാരധ്വനി കലർന്നിട്ടുണ്ടെന്നു കാണാം.

എന്തിനു കകാര ലിപി ചേർത്തു?

ഇരട്ടിച്ച ഷകാരത്തിന് പൂർണസ്പർശം കൊടുത്തിരിക്കുന്നു എന്നു കാണിക്കാൻ പൂർണസ്പർശമുള്ള അക്ഷരങ്ങളിൽ ആദ്യത്തേതായ കകാരത്തിന്റെ ലിപി കൊടുത്തിരിക്കുന്നു. കകാരത്തിന്റെ ധ്വനിക്ക് അവിടെ തീരെ പ്രസക്തിയില്ല.

## അക്ഷരമാല

### പ്രവർത്തനം ഒന്ന്

### പ്രവേശക പ്രവർത്തനം

പഠിതാക്കളോട് മലയാളത്തിലെ ഉച്ചാരണത്തിലും എഴുത്തിലും സന്നിഗ്ദ്ധതയോ പ്രശ്നങ്ങളോ അനുഭവപ്പെടാനിടയുള്ള ചില ഇരട്ടവാക്കുകൾ എഴുതാൻ അധ്യാപകനാവശ്യപ്പെടുന്നു.

ഉദാ:- അഞ്ജലി - യജ്ഞം

യത്നം - ചന്തം

ഭവനം - ഫലിതം

ഘനം - കരം

എഴുതിയ ഇരട്ടകൾ പഠിതാക്കൾ പരസ്പരം കൈമാറി ശരിതെറ്റുകൾ കണ്ടെത്തട്ടെ.

പിന്നീട് ശരിരൂപങ്ങൾ തിരിച്ചറിയാൻ അവസരമുണ്ടാകണം.

വാക്കുകൾ എഴുതുമ്പോൾ പിഴവുകൾ സംഭവിച്ചിരുന്നോ?

എഴുതുന്ന ഘട്ടത്തിൽ സംശയം തോന്നിയിരുന്നോ?

എന്തായിരിക്കാം ബുദ്ധിമുട്ടുകൾക്ക് കാരണം?

- ഉച്ചാരണത്തിന് നിശ്ചിതമായ ലിപി കണ്ടെത്താനുള്ള വിഷമം.
- ഇത്തരം കൂട്ടക്ഷരങ്ങളും വർണങ്ങളും വേണ്ടത്ര മുമ്പ് പരിചയപ്പെട്ടിട്ടില്ല.
- ഉച്ചാരണവ്യത്യാസം ലിപികൊണ്ട് വ്യത്യസ്തമായി രേഖപ്പെടുത്താൻ പറ്റുന്നില്ല.
- ചിലയിടങ്ങളിൽ വർണങ്ങൾ തമ്മിലുള്ള ഉച്ചാരണവ്യത്യാസം വ്യക്തമായിരുന്നില്ല.

ഇങ്ങനെയുള്ള പല നിഗമനങ്ങളും പഠിതാക്കൾക്ക് രേഖപ്പെടുത്താം.

**അധ്യാപകന്റെ സംഗ്രഹണത്തിൽ വരേണ്ടത്:**

ലിപിയും ഉച്ചാരണവും തമ്മിലുള്ള ബന്ധം കൃത്രിമമാണ്. അതുകൊണ്ടുതന്നെ ഇന്ന ഉച്ചാരണത്തിന് ഇന്ന ലിപിയെന്ന് പഠിച്ചറിയുക തന്നെ വേണം.

ഭാഷ നിലനില്ക്കുന്നത് ഉച്ചാരണത്തിലും എഴുത്തിലുമാണ്. അതുകൊണ്ടുതന്നെ രണ്ടും ഒരു പോലെ പ്രധാനമാണ്.

## അക്ഷരമാല

### പ്രവർത്തനം രണ്ട്

പഠിതാക്കളോട് ചില ശബ്ദങ്ങൾ ഉച്ചരിക്കാൻ അധ്യാപകൻ ആവശ്യപ്പെടുന്നു. വ്യത്യസ്ത തരത്തിൽപ്പെട്ട അക്ഷരങ്ങളുടെ കൂട്ടം വെവ്വേറെ ഉച്ചരിക്കാനാവശ്യപ്പെടണം.

ഉദാ:- അ ആ ഇ ഉ
ക ച ട ത പ
ഘ ഝ ഢ ധ ഭ
ശ ഷ സ

ഉച്ചരിക്കുമ്പോൾ കൈപ്പത്തിയോ ഒരു കടലാസുകഷണമോ ചുണ്ടിനുമുമ്പിൽ വെയ്ക്കണമെന്നും നിർദേശിക്കുക.

അക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ വായു പുറന്തള്ളപ്പെടുന്നത് നിരീക്ഷിക്കാമായിരുന്നു.

പക്ഷേ എല്ലാ അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും ഒരേപോലെ ആയിരുന്നോ വായുവിന്റെ ബഹിർഗമനം?

ചില അക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ വായുപ്രവാഹം ശക്തമായിരുന്നു. ചില സന്ദർഭങ്ങളിൽ ദുർബലവും. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ഉച്ചരിക്കുമ്പോൾ വായ്ക്കകത്തുണ്ടാവുന്ന ചലനങ്ങൾ ഒന്നുകൂടി സൂക്ഷ്മമായി പഠിതാക്കൾ വിലയിരുത്തട്ടെ. അവരുടെ അനുഭവങ്ങൾ വിവരിക്കട്ടെ.

> സ്വരങ്ങൾ ഉച്ചരിക്കുമ്പോൾ നിശ്വാസവായുവിന്റെ ഗതിയിൽ ചില നേർത്ത നിയന്ത്രണങ്ങളുണ്ടാവുന്നുവെങ്കിലും തടസ്സപ്പെടുത്തുന്നില്ല.
>
> വ്യഞ്ജനാക്ഷരങ്ങളുടെ ഉച്ചാരണസമയത്ത് തൊണ്ടതൊട്ട് ചുണ്ടുവരെ എവിടെയെങ്കിലുംവെച്ച് നിശ്വാസവായുവിനെ ഒന്നുതടഞ്ഞുവെച്ചതിനുശേഷമാണ് പുറത്തേക്കു വിടുന്നത്.

കേരളപാണിനി നിർദേശിച്ച അക്ഷരമാലയിലെ അക്ഷരങ്ങളെ ഉച്ചാരണ സമയത്ത് നിശ്വാസവായുവിന്റെ തടസ്സപ്പെടുത്തൽ കൊണ്ടുണ്ടാവുന്നവ, തടസ്സപ്പെടുത്തൽ കൂടാതെ ഉൽപാദിപ്പിക്കുന്നവ എന്നിങ്ങനെ വർഗീകരിക്കാൻ പഠിതാക്കളോടാവശ്യപ്പെടുന്നു.

ഓരോ ശബ്ദവും ഉച്ചരിച്ചുനോക്കി വേണം ഓരോ പഠിതാവും ശബ്ദങ്ങളെ വർഗീകരിക്കേണ്ട പഠിതാക്കൾ അവരുടെ നിഗമനങ്ങൾ അവതരിപ്പിക്കട്ടെ. നിഗമനത്തിന്റെ സാധുത പഠിതാക്കൾ വിലയിരുത്തട്ടെ. ചർച്ചയ്ക്ക് കൃത്യത വരുത്താൻ അധ്യാപകന്റെ ഇടപെടൽ ആവശ്യമായിവരും.

> ഋ - എന്ന സ്വരത്തിന്റെ ഉച്ചാരണത്തിന്റെ ഉച്ചാരണത്തിൽ അല്പം തടസ്സം അനുഭവപ്പെടുന്നതായി ഏതെങ്കിലും കുട്ടി നിരീക്ഷിച്ചാൽ അതൊരു കൃത്രിമസ്വരമായതുകൊണ്ടാണെന്നു വിശദീകരിച്ച് ആമിടുക്കിയെ / മിടുക്കനെ അഭിനന്ദിക്കണം.

തുടർന്ന് പഠിതാക്കളെ ഗ്രൂപ്പുകളായിത്തിരിക്കുന്നു. വർഗാക്ഷരങ്ങൾ (ക തൊട്ട് മ വരെ) ഊഷ്മാക്കൾ (ശ, ഷ, സ) ഘോഷി (ഹ) ദ്രാവിഡമാധ്യമം (ള, ഴ, റ) ദ്രാവിഡാനുനാസികം (ന) എന്നിവയുടെ ഉച്ചാരണ സവിശേഷതകൾ പഠിതാക്കൾ കണ്ടെത്തട്ടെ.

**നിരീക്ഷിക്കേണ്ട കാര്യങ്ങൾ**

- എത്രത്തോളം സ്പർശം (തടസ്സം) ഉണ്ടാവുന്നുണ്ട്.
- കണ്ഠനാളം തൊട്ട് ചുണ്ടു വരെയുള്ള സ്ഥാനങ്ങളിലെവിടെയാണ് സ്പർശം നടക്കുന്നത്.
- നാവുകൊണ്ടാണ് തടസസ്സമുണ്ടാവുന്നതെങ്കിൽ നാവിന്റെ ഏതു ഭാഗം വായ്ക്കകത്തെ ഏതു ഭാഗത്താണ് തടസ്സമുണ്ടാക്കുന്നത്.

നിരീക്ഷണങ്ങളും നിഗമനങ്ങളും ഗ്രൂപ്പ് പ്രതിനിധികൾ അവതരിപ്പിക്കട്ടെ. ശരിയെന്ന് തെളിയിക്കപ്പെടുന്നവ രേഖപ്പെടുത്തട്ടെ.

ഇതുപോലെ സ്വരാക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ നാവിന്റെ ചേഷ്ടകളെന്തെന്ന് കണ്ടെത്തി വിശദീകരിക്കട്ടെ.

(സ്വരവ്യഞ്ജനങ്ങളുടെ ഉച്ചാരണസ്വഭാവത്തെക്കുറിച്ചും ധ്വനിമൂല്യത്തെക്കുറിച്ചും പാഠഭാഗത്ത് ഏ.ആർ. ഉന്നയിക്കുന്ന അഭിപ്രായങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ച് അധ്യാപകൻ ഈ വിഷയത്തിൽ കൃത്യമായ ധാരണ കുട്ടികളിലെത്തിക്കണം.)

- സ്വരാക്ഷരങ്ങളുടെ ഉച്ചാരണസമയത്തുള്ള നാവിന്റെ ചലനം
- ക വർഗം തൊട്ടുള്ള വ്യഞ്ജനാക്ഷ

രങ്ങൾ ഉച്ചരിക്കുമ്പോൾ നിശ്വാസ വായു എവിടെയൊക്കെ തടയപ്പെടുന്നു.

എന്നതിനെ അടിസ്ഥാനമാക്കി രണ്ടു മുഖോദരചിത്രങ്ങൾ കുട്ടികൾ വരക്കട്ടെ. അധ്യാപകൻ ചിത്രവും രേഖപ്പെടുത്തലും വിലയിരുത്തണം.

## അക്ഷരമാല

### പ്രവർത്തനം മൂന്ന്

ഒരു നമ്പൂതിരി ഫലിതം പഠിതാക്കളെ ഓർമിപ്പിച്ചുകൊണ്ടു പ്രവർത്തനം ആരംഭിക്കാം.

> ഭാവിനന്മയെക്കരുതി അച്ഛൻ മകനെ ഇംഗ്ലീഷ് പഠിക്കാനയച്ചു. ഇംഗ്ലീഷ്ഭാഷയെക്കുറിച്ച് ഒന്നുമറിയാത്ത മകൻ ഉത്സാഹത്തോടെ യാത്രതിരിച്ചു; പക്ഷേ ഒരാഴ്ചയ്ക്കകം തന്നെ തിരിച്ചെത്തുകയും ചെയ്തു. എന്താ ഇംഗ്ലീഷ് പഠനം മതിയാക്കിവന്നതെന്ന് അച്ഛൻ തിരക്കിയപ്പോൾ മകന്റെ മറുപടി ഇതായിരുന്നു.
>
> "നമ്മള് പൂച്ച എന്നെഴുതും, പൂച്ചയെന്നു തന്നെ വായിക്കും. അർത്ഥവും പൂച്ചയെന്നുതന്നെ. പക്ഷേ ഇംഗ്ലീഷിലാകട്ടെ സി, എ, ടി എന്നാ എഴുതുക. വായിക്കുന്നതോ കേറ്റ് എന്ന്. അർത്ഥമോ പൂച്ചയെന്നും. ഈ വ്യവസ്ഥയില്ലാത്ത ഭാഷ പഠിക്കാൻ പറ്റില്ല.

ഇംഗ്ലീഷ് ഭാഷയെക്കുറിച്ചുള്ള മകന്റെ പരാതിയുടെ യുക്തിയെന്താണ്.

മലയാള ഭാഷയിലേതുപോലെയല്ല ഇംഗ്ലീഷ് ഭാഷയിലെ ലിപിയും ഉച്ചാരണവും തമ്മിലുള്ള ബന്ധം.

ഇംഗ്ലീഷിൽ സി എന്നെഴുതിയാൽ എല്ലായ്പ്പോഴും സി എന്ന ഉച്ചാരണമല്ല. 'Cat' ൽ സിയ്ക്ക് 'ക്' എന്ന ഉച്ചാരണമാണ്. 'city' ൽ 'സ്' എന്നാണ് ഉച്ചാരണം.

മറ്റൊരുദാഹരണമെടുത്തുനോക്കാം.

That ഉച്ചരിച്ചു നോക്കുക. ആദ്യത്തെയും അവസാനത്തെയും ലിപി ഒന്നുതന്നെ. ഉച്ചാരണമോ. ആദ്യം ദ്, അവസാനം റ്റ്.

ഒരു ലിപിക്ക് എല്ലായ്പ്പോഴും ഒരേ ഉച്ചാരണം വരുന്നതുകൊണ്ട് മലയാളത്തെ അക്ഷരോച്ചാരണ ഭാഷയെന്ന് വിശേഷിപ്പിക്കുന്നു. ഇംഗ്ലീഷിൽ ഒരേ ലിപിക്ക് തന്നെ വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത ഉച്ചാരണമായതിനാൽ അത് വർണോച്ചാരണ ഭാഷയാണ്.

അക്ഷരവും വർണവും തമ്മിലുള്ള വ്യത്യാസം ഒന്നുകൂടി വ്യക്തമാവാൻ മലയാളം എന്ന വാക്ക് രണ്ടു ഭാഷകളിലുമെഴുതി നോക്കുക.

**മലയാളം – Malayalam**

മ എന്ന ശബ്ദം ഉച്ചരിക്കാൻ മലയാളത്തിൽ മ എന്ന ഒറ്റ അക്ഷരം മതി. ആ അക്ഷരത്തിന്റെ ഉച്ചാരണം വരാൻ ഇംഗ്ലീഷിൽ എം, എ എന്നീ രണ്ടു വർണങ്ങൾ ആവശ്യമായിവരുന്നു.

> ഭാഷകളിൽ അക്ഷരോച്ചാരണഭാഷയും വർണോച്ചാരണ ഭാഷയുമുണ്ട്. ഭാരതീയ ഭാഷകൾ മിക്കതും അക്ഷരോച്ചാരണ ഭാഷകളാണ്.

മലയാളം അക്ഷരോച്ചാരണ ഭാഷയെന്ന നിഗമനത്തിലാണല്ലോ എത്തിച്ചേർന്നത്.

എഴുതിയതപ്പടി ഉച്ചരിക്കുന്നവരാണ് മലയാളികളെന്നു തീർത്തു പറയാമോ.

ഗണപതി, രവി, ലക്ഷ്മണൻ, ബഷീർ എന്നീ പദങ്ങൾ ഉച്ചരിച്ചു നോക്കട്ടെ.

ഗെ, രെ, ലെ, ബെ എന്നിങ്ങനെയല്ലേ ആദ്യവർണം ഉച്ചരിക്കുന്നത്.

'ചില വ്യഞ്ജനാക്ഷരങ്ങൾ' പ്രധാനമായും പദാദിയിൽ വരുമ്പോൾ 'അ' യ്ക്കു പകരം 'എ' ചേർത്തുച്ചരിക്കാനുള്ള പ്രവണത മലയാളത്തിലുണ്ട്. ബംഗാളിൽ വ്യഞ്ജനാക്ഷരങ്ങളെ ഒ ചേർത്തുച്ചരിക്കുന്നതും 'വ' കാരങ്ങളൊക്കെ 'ബ' കാരങ്ങളായി ഉച്ചരിക്കുന്നതും ഇവിടെ ഓർക്കാവുന്നതാണ്.

ഇത്തരത്തിലുള്ള മറ്റുദാഹരണങ്ങൾ പഠിതാക്കൾ കണ്ടെത്തട്ടെ. ചർച്ചയ്ക്കു ശേഷം പട്ടികപ്പെടുത്തട്ടെ.

ചന്ദനം, നന്ദി എന്നീ വാക്കുകളുടെ ഉച്ചാരണം അപഗ്രഥിക്കട്ടെ.

ഉച്ചാരണത്തിൽ അവ പലപ്പോഴും ചന്തനം, നന്നി എന്നല്ലേ വരൂ. 'ന്ദ' യ്ക്ക് എല്ലായിടത്തും ഈയൊരു ഉച്ചാരണ വ്യതിയാനം സംഭവിക്കുന്നില്ലതാനും.

ഉദാഹരണങ്ങൾ പഠിതാക്കൾ കണ്ടെത്തട്ടെ.

(മന്ദാരം, സുന്ദരം, ...)

ചിലയിടങ്ങളിൽ എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്?

മലയാളികൾ അനുനാസികപ്രിയരാണ്. അതുകൊണ്ട് അനുനാസികത്തിനു മുമ്പുവരുന്ന അതേ വർഗത്തിൽപെടുന്ന വർണങ്ങളെയും അനുനാസികമായി മാറ്റുന്ന ഉച്ചാരണപ്രവണത മലയാളികൾക്കുണ്ടെന്നു എ.ആർ. നിരീക്ഷിച്ചിട്ടുണ്ട്. (കേരളപാണിനീയത്തിലെ അനുനാസികാതിപ്രസരം എന്ന ഭാഗം കാണുക).

കയർ, പകൽ

രണ്ടു വാക്കിലേയും ക യുടെ ഉച്ചാരണം ശ്രദ്ധയിൽപ്പെടുത്തുക.

കയറിൽ ക യ്ക്ക് ഖരോച്ചാരണം തന്നെ. 'പകൽ' ആവുമ്പോൾ 'ക' യ്ക്ക് മൃദുവിന്റെ (ഗ്) ഉച്ചാരണമാണ് വരുന്നത്. ഇരട്ടിക്കുമ്പോഴോ? പക്കൽ എന്നുച്ചരിച്ചു നോക്കട്ടെ. ഖരോച്ചാരണത്തിന്റെ ഇരട്ടിപ്പു തന്നെയല്ലേ വരുന്നത്.

സദൃശങ്ങളായ മറ്റുദാഹരണങ്ങൾ പഠിതാക്കൾ കണ്ടെത്തട്ടെ. ഉദാഹരണങ്ങളുടെ സാധുത ആദ്യം കുട്ടികൾ തന്നെ വിലയിരുത്തട്ടെ. പിന്നീട് അധ്യാപകനും.

എന്തുകൊണ്ടാവാം ഇതു സംഭവിച്ചത്.

പദമധ്യത്തിൽ ഖരശബ്ദങ്ങൾ ഉച്ചരിക്കുന്നത് എളുപ്പമല്ല. അതുകൊണ്ടുതന്നെ അവ മൃദുവായി ഉച്ചരിക്കാനുള്ള പ്രവണതയുണ്ടാകുന്നു.

മൃദുവായി ഉച്ചരിക്കുന്ന ശബ്ദങ്ങൾ മൃദുവായിത്തന്നെ എഴുതാമായിരുന്നില്ലേ എന്ന സംശയം വരാം.

പഗൽ, വിജാരം എന്നിങ്ങനെയൊക്കെ?

പക്ഷേ പഴയ ദ്രാവിഡ ഭാഷയിൽ വർഗാക്ഷരങ്ങളിൽ ഖരം, അനുനാസികം എന്നിവയ്ക്കേ ലിപി ഉണ്ടായിരുന്നുള്ളൂ.

തുടർന്ന് ചിഹ്നം ബ്രഹ്മം എന്നീ വാക്കുകളുടെ ഉച്ചാരണം ശ്രദ്ധയിൽ പെടുത്തുക.

ഹ് കഴിഞ്ഞ് അനുനാസികങ്ങൾ (ന, മ) വരുന്ന അക്ഷരങ്ങളാണിവ.

ഇവയുടെ ഉച്ചാരണത്തിലുള്ള സവിശേഷത കണ്ടെത്താനാവശ്യപ്പെടുക.

പഠിതാക്കൾ അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കട്ടെ. എഴുതുന്ന മുറയ്ക്ക് ഹ് കഴിഞ്ഞാണ് അനുനാസികങ്ങൾ വരുന്നത്. ഉച്ചാരണത്തിലോ.

അനുനാസികങ്ങൾ കഴിഞ്ഞല്ലേ 'ഹ'

കാരോച്ചാരണം വരുന്നത്. ഹ് കാരത്തിനുശേഷം അനുനാസികങ്ങൾ ചേർന്ന് കൂട്ടക്ഷരങ്ങളുള്ള മറ്റുദാഹരണങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

- സായാഹ്നം
- മധ്യാഹ്നം

എന്തുകൊണ്ടാണ് ഹ്ന, ഹ്മ എന്നീ കൂട്ടക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ ഒരു 'തലതിരിച്ചിൽ' സംഭവിക്കുന്നത്.

**വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം. ഉച്ചാരണശിക്ഷണം**

അതിഖരം, ഘോഷം എന്നിവ ഉച്ചരിച്ച് ഉച്ചാരണവ്യത്യാസം റെക്കോർഡു ചെയ്ത് റീപ്ലേ ചെയ്യുക.

ലിപി രൂപങ്ങളിലെ സങ്കീർണ്ണത (പാഠാപഗ്രഥനം) എന്ന ഭാഗത്ത് ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

ആ ആശയങ്ങൾകൂടി ചർച്ചയിൽ കൊണ്ടുവരാൻ അധ്യാപകൻ ശ്രമിക്കണം.

ചർച്ചകൾക്കുശേഷം ആശയങ്ങൾ സംഗ്രഹിച്ച് മലയാളം എഴുതുന്നതുപോലെ ഉച്ചരിക്കുകയും ഉച്ചരിക്കുംപോലെതന്നെ എഴുതുകയും ചെയ്യുന്ന ഭാഷതന്നെയോ എന്ന വിഷയത്തിൽ ഒരു പ്രബന്ധം തയ്യാറാക്കുക. ഈ പ്രബന്ധം പോർട്ട് ഫോളിയോവിലേക്ക് പോകാവുന്നതാണ്.

(ലിപിരൂപങ്ങളുടെ സങ്കീർണ്ണതയെക്കുറിച്ചുള്ള പ്രവർത്തനം ഈ പ്രവർത്തനത്തോട് ഉൾച്ചേർന്നുവരും)

## അക്ഷരമാല

### പ്രവർത്തനം – നാല്

**- ഉച്ചാരണ വിശകലനം - ക്ഷ, ന്മ, ഞ്ച, ക്ത**

കൂട്ടക്ഷരമെന്നാലെന്ത്. ഏതു തരത്തിൽപ്പെട്ട അക്ഷരങ്ങൾ കൂടിച്ചേർന്നാലാണ് കൂട്ടക്ഷരമുണ്ടാവുന്നത്.

രണ്ടു സ്വരങ്ങൾ ചേർന്നാൽ കൂട്ടക്ഷരമുണ്ടാവുന്നില്ല.

അ + ഇ = ഏ

അ + ഉ = ഓ

ഇത് സംസ്കൃതഭാഷയിലെ സന്ധിവികാരമാണ്. ആ ഭാഷയിൽ ഏ, ഓ - സന്ധ്യക്ഷരങ്ങളാണ്. അതുകൊണ്ടാണ് അവയ്ക്ക് ഹ്രസ്വരൂപമില്ലാത്തത്. എന്നാൽ മലയാളഭാഷയിൽ അങ്ങനെയല്ല.

തല + ഇല്ല - തലയില്ല (തലേല്ല എന്നല്ല)

തല + ഉണ്ട് - തലയുണ്ട് (തലോണ്ട് എന്നല്ല)

രണ്ടു സ്വരങ്ങൾ ചേർന്ന് പുതിയൊരു സ്വരമാകുന്നരീതി മലയാളത്തിലില്ല. അതായത് സ്വരസംയോഗമില്ല.

'വർജിപ്പൂ സ്വരസംയോഗം' എന്ന കേരളപാണിനീയത്തിൽ ആഗമസന്ധിയില്ലേ പറയുന്നുള്ളൂവെങ്കിലും അതു ലോപസന്ധിയിലും പ്രസക്തമാണ്.

സ്വരസംയോഗം രണ്ടുവിധത്തിൽ വർജിക്കാം.

ഒന്ന് - താരതമ്യേന അനുപ്രധാനമായ സ്വരം ലോപിക്കുന്നു.

രണ്ട് - സ്വരമധ്യത്തിൽ ഊഷ്മൽ സ്പൃഷ്ടങ്ങളായ താലവ്യമധ്യമമോ ഓഷ്ഠ്യമധ്യമമോ ചേർക്കുന്നു. (യ - വ) ചിലപദയോഗങ്ങളിൽ വക്താവിന്റെ വിവക്ഷ അനുസരിച്ച് ലോപമോ ആഗമമോ വരാം

വന്നു + എങ്കിൽ - വന്നെങ്കിൽ - വന്നുവെങ്കിൽ

കണ്ടു + എന്ന് - കണ്ടെന്ന് - കണ്ടുവെന്ന്

സ്വരസംയോഗം ഒഴിവാക്കുന്നു എന്നു ഭാഷാനയം ആദ്യമേ വിശദീകരിച്ചാൽ ലോപവും ആഗമവും കുട്ടികൾക്ക് സ്വയം കണ്ടെത്താൻ കഴിയും.

ക് + അ = ക

പ് + ഉ = പു

അപ്പോഴും കൂട്ടക്ഷരങ്ങളുണ്ടാവുന്നില്ല.

രണ്ടു വ്യഞ്ജനാക്ഷരങ്ങളെ കൂട്ടിയോജിപ്പിച്ചു നോക്കട്ടെ.

ക് + ത = ക്ത

പ് + ര = പ്ര

ട + യ = ട്യ

ച് + വ = ച്വ

ഇവയൊക്കെ കൂട്ടക്ഷരങ്ങളാണ്.

കൂട്ടക്ഷരങ്ങൾ സൃഷ്ടിച്ചും പഠിതാക്കൾ കൂട്ടക്ഷരമെന്ന ആശയം വേർതിരിച്ചറിയട്ടെ.

> രണ്ട് വ്യഞ്ജനാക്ഷരങ്ങൾ ചേർന്നുണ്ടാകുന്ന അക്ഷരക്കൂട്ടിനെയാണ് കൂട്ടക്ഷരമെന്ന് പറയുന്നത്.

എങ്കിൽ ക്ഷ, ന്മ, ഞ്ച, ക്ത എന്നീ കൂട്ടക്ഷരങ്ങൾ പിരിച്ചെഴുതിയാലോ?

ക് + ഷ = ക്ഷ

ന് + മ = ന്മ

ഞ് + ച = ഞ്ച

ക് + ത = ക്ത

നാലു കൂട്ടക്ഷരങ്ങളും വ്യത്യസ്ത വിധത്തിലുള്ള ചേരുവകളാണെന്ന് പഠിതാക്കൾക്ക് ബോധ്യപ്പെടേണ്ടതുണ്ട്.

ക്ഷ = ക് + ഷ (ഒരു ഖരവും ഒരു ഊഷ്മാവും ചേർന്നത്)

ന്മ = ന് + മ (രണ്ട് അനുനാസികങ്ങൾ ചേർന്നത്)

ഞ്ച = ഞ് + ച (ഒരനുനാസികവും ഒരു ഖരവും ചേർന്നത്)

ക്ത = ക് + ത (രണ്ടു ഖരങ്ങൾ ചേർന്നത്)

ഇവയിൽ ക്ഷ വിശേഷപഠനം അർഹിക്കുന്ന അക്ഷരമാണ്.

ഇക്കാര്യം വിശദീകരിക്കാൻ പാഠാപഗ്രഥനത്തിലെ 'ലിപിരൂപങ്ങളിലെ സങ്കീർണ്ണത' എന്ന ഭാഗത്ത് ക്ഷ യെക്കുറിച്ച് കൊടുത്ത വിശദീകരണത്തിന്റെ സഹായം അധ്യാപകനുപയോഗിക്കണം.

## അക്ഷരമാല

### പ്രവർത്തനം - അഞ്ച്

**സംവൃതോകാരത്തിനു ഭാഷയിലുള്ള**

### പ്രധാന്യം

പ്രവർത്തനത്തിൽ ചർച്ചചെയ്യപ്പെടേണ്ട കാര്യങ്ങൾ

- സംവൃതോകാരം ഉകാരത്തിന്റെ സംവൃതവർണമാണോ, അതോ ഒരു ഒരു സ്വതന്ത്രസ്വരമാണോ.
- സംവൃതോകാരത്തിന്റെ ലിപി രൂപമെന്ത്?
- സംവൃതോകാരത്തിന് മലയാളത്തിലുള്ള വ്യാകരണപരമായ പ്രാധാന്യമെന്ത്?
- സംവൃതോകാരത്തിന് സന്ധിയിൽ സംഭവിക്കുന്നതെന്ത്?

**അത്, അതുകൊണ്ട് – ഈ രണ്ടുവാക്കുകളിൽ ചന്ദ്രക്കലകൊണ്ട് സൂചിപ്പിക്കുന്ന വർണമേത്.**

പഠിതാക്കൾ ഉച്ചരിച്ചുനോക്കട്ടെ.

ഈ വർണത്തെ സംവൃതോകാരമെന്ന് പറയുന്നു.

സംവൃതോകാരം എന്ന പേരു നിർദ്ദേശിച്ചത്

ഏ.ആർ. രാജരാജവർമയാണ്

'ഉ' കാരത്തിന്റെ ഒരു വകഭേദമായിട്ടാണ് ഏ.ആറടക്കം പലരും സംവൃതോകാരത്തെ കണ്ടത്.

**യഥാർത്ഥത്തിൽ സംവൃതോകാരം ഉകാരത്തിന്റെ വകഭേദം തന്നെയാണോ?**

**പല വാക്കുകളിൽ സംവൃതോരകാരത്തിന്റെ ഉച്ചാരണം പരീക്ഷിച്ചുനോക്കിയതിനുശേഷം പഠിതാക്കൾ അഭിപ്രായം പറയട്ടെ.**

**അവരുടെ അഭിപ്രായത്തിന്റെ സാധുത അധ്യാപകൻ അതതു സമയം വിലയിരുത്തേണ്ടതാണ്.**

**കാരണം സംവൃതോരകാരത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽത്തന്നെ ഭിന്നാഭിപ്രായങ്ങളുണ്ട്.**

**സംവൃതോകാരത്തെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ**

- ഏ.ആർ. സംവൃതോകാരത്തെ ഉകാരത്തിന്റെ മാത്രാഭേദമായിക്കണ്ടു.
- ഗുണ്ടർട്ട് മുമ്പുതന്നെ ഇതിനെ പകുതി ഉകാരമെന്നാണ് വിശേഷിപ്പിച്ചത്. (അരയുകാരം)
- ആറ്റൂർ കൃഷ്ണപ്പിഷാരടി ഈ വർണത്തെ സംവൃതാകാരമായാണ് കണ്ടത്?
- എൽ.വി.രാമസ്വാമി അയ്യരാകട്ടെ ഈ സ്വരത്തെ 'അ' കാരത്തിൽ നിന്നും 'ഉ'കാരത്തിൽ നിന്നും വ്യത്യസ്തമായ സ്വതന്ത്രസ്വരമായി പരിഗണിച്ചു.

**ഉച്ചാരണ സ്വഭാവം വെച്ച് നോക്കുമ്പോൾ ഇവയിലേതാണ് സംവൃതോകാരത്തെ സംബന്ധിച്ച് കൂടുതൽ യുക്തിഭദ്രമായ നിലപാടെന്ന് പഠിതാക്കൾ വിലയിരുത്തട്ടെ.**

**അഭിപ്രായങ്ങൾ അവതരിപ്പിക്കുമ്പോൾ അതിന്റെ യുക്തി എന്താണെന്നും അവർ വിശദീകരിക്കട്ടെ. പഠിതാക്കളുടെ നിഗമനങ്ങൾ അവതരിപ്പിക്കപ്പെടുന്നതിനുശേഷം സംവൃതോരകാരത്തെക്കുറിച്ചുള്ള പുതുധാരണ അധ്യാപകൻ വ്യക്തമാക്കണം.**

ഇന്ന് ഭാഷാശാസ്ത്രം സംവൃതോകാരത്തെ ഉകാരത്തിന്റെയോ അകാരത്തിന്റെയോ വകഭേദമായല്ല കാണുന്നത്. അ ഉ എന്നീ സ്വരങ്ങളെപ്പോലെ പരിഗണിക്കപ്പെടേണ്ട ഒരു സ്വതന്ത്രസ്വരമായിട്ടാണ്. അപ്പോഴും ചില വ്യത്യാസങ്ങൾ സംവൃതോകാരത്തിനുണ്ട്.

അത്, അതുകൊണ്ട്, അതുകൊണ്ടു തന്നെ.

ഈ ഉദാഹരണങ്ങളിൽ സംവൃതോകാരത്തിന്റെ സാന്നിധ്യം അപഗ്രഥിക്കട്ടെ.

പദാന്ത്യത്തിലാണ് സംവൃതോകാരം അതായിത്തന്നെ നിലനിൽക്കുന്നത്. മറ്റൊരു പദത്തോടു ചേരുമ്പോൾ അത് ഉകാരമായിമാറുന്നു.

സന്ധിയിലും പദാന്തത്തിലെ സംവൃതോകാരം ലോപിച്ചു പോവുന്നതു കാണാം.

അത് + ഇല്ല = അതില്ല

കാട് + എവിടെ = കാടെവിടെ

എന്താവാം ഇങ്ങനെ പല സന്ദർഭങ്ങളിലും സംവൃതോരകാരനഷ്ടം സംഭവിക്കാൻ കാരണം.

അ, ഇ, ഉ എന്നീ സ്വരങ്ങളെപ്പോലെ ബലമുള്ള ഒരു സ്വരമല്ല സംവൃതോകാരം - ഉച്ചരിക്കുമ്പോൾ തന്നെ അത് നമുക്ക് വ്യക്തമാവും.

അ, ഇ, ഉ എന്നിവയെപ്പോലെ പദത്തിന്റെ ഏതു സ്ഥാനത്തും ഒരേപോലെ നിലനില്ക്കാനുള്ള സാധ്യതയും അതിനില്ല. പദാന്തവ്യഞ്ജനത്തോട് ചേർന്ന് മാത്രമേ സംവൃതോകാരത്തിന് മലയാളത്തിൽ നിലനില്പ്പുള്ളു.

പ്രായേണ ദുർബലമായതുകൊണ്ടാണ് സംവൃതോകാരം പദച്ചേർച്ചകളിൽ നഷ്ടപ്പെട്ടുപോകുന്നത്.

ദുർബലസ്വരമെന്ന് കരുതി സംവൃതോകാത്തിന് മലയാളഭാഷയിലുള്ള പ്രധാന്യം കുറയുന്നില്ലെന്ന് പഠിതാക്കളെ ഉദാഹരണത്തിലൂടെ ബോധ്യപ്പെടുത്തണം.

- അവൻ പാലം കടന്നു
- അവൻ പാലം കടന്ന് വീട്ടിലെത്തി

കടന്നു, കടന്ന് ഈ രണ്ടു വാക്കുകൾക്ക് വാക്യത്തിലുള്ള ധർമമെന്ത്?

രണ്ടും ക്രിയാരൂപങ്ങളാണെങ്കിലും ഒരേ തരത്തിലുള്ള ക്രിയകളാണോ?

വ്യത്യാസം പഠിതാക്കൾ കണ്ടെത്താൻ ശ്രമിക്കട്ടെ.

കടന്നു എന്നത് പൂർണക്രിയയാണ്.

കടന്ന് എന്നാവുമ്പോൾ ആകാംക്ഷ പൂർത്തീകരിക്കാത്തതിനാൽ മുമ്പുവരുന്ന അപൂർണ ക്രിയയാണ് കടന്ന്. പൂർണക്രിയയെ പിന്തുണയ്ക്കുന്ന അപൂർണക്രിയയാതുകൊണ്ട് 'കടന്ന്' ഒരു മുൻവിനയെച്ച രൂപമാണ്.

ക്രിയാരൂപം സംവൃതോകാരത്തിലാണെങ്കിൽ അത് അപൂർണക്രിയയായിരിക്കും. ഇതു വളരെ പ്രധാനപ്പെട്ട ഒരു വ്യാകരണ സവിശേഷതയാണ്.

ലോകഭാഷകളിൽ സംവൃതോകാരത്തിന് ഇങ്ങനെയൊരു വ്യാകരണപ്രാധാന്യം വരുന്നത് മലയാള ഭാഷയിൽ മാത്രമാണ്.

(ഈ പ്രവർത്തനത്തിൽ കൂടുതൽ ആശയവെളിച്ചം ലഭിക്കാൻ അധ്യാപകൻ പാഠാപഗ്രഥനത്തിലെ 'സംവൃതോകാരത്തിനു ഭാഷയിലുള്ള പ്രാധാന്യം

എന്ന ഭാഗം സൂക്ഷ്മമായി ഉൾക്കൊണ്ടി രിക്കണം)

പ്രവർത്തനത്തിന്റെ അവസാനം പ്രധാനപ്പെട്ട ആശയങ്ങൾ സംഗ്രഹിക്കാനാവശ്യപ്പെടാം.

### പ്രബന്ധരചന (വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം)

'മലയാളഭാഷയിലെ സംവൃതോകാരം' എന്ന ശീർഷകത്തിൽ ഒരു പ്രബന്ധം പഠിതാക്കൾ തയാറാക്കട്ടെ.

പ്രബന്ധങ്ങൾ അധ്യാപകൻ വിലയിരുത്തണം.

**വിലയിരുത്തൽ സൂചകങ്ങൾ**

- ആശയഗ്രഹണം
- യുക്തിപൂർവം നിരീക്ഷണങ്ങൾ അവതരിപ്പിക്കൽ
- പുതിയ ഉദാഹരണങ്ങൾ കണ്ടെത്തൽ
- പ്രബന്ധസ്വരൂപം

## 3.1 മൂല്യനിർണയ പ്രവർത്തനങ്ങൾ

1. വർണങ്ങൾ പലതരത്തിലുള്ള ശ്രുതി കൈവരിക്കുന്നു. ഇതിനുള്ള കാരണങ്ങളായി എ.ആർ. ചർച്ച ചെയ്യുന്ന വസ്തുതകൾ.
2. വർണവും അക്ഷരവും തമ്മിലുള്ള വ്യത്യാസം.
3. സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നിങ്ങനെ തരം തിരിച്ചതിന്റെ യുക്തി.
4. ലിപി പരിഷ്ക്കരണം ആവശ്യമായി വന്ന സാഹചര്യം.
5. സ്വരങ്ങൾ തമ്മിൽച്ചേരുമ്പോഴും, വ്യഞ്ജനവും സ്വരവും തമ്മിൽ ചേരുമ്പോഴും കൂട്ടക്ഷരമുണ്ടാകുന്നില്ല. വ്യഞ്ജനവും വ്യഞ്ജനവും വ്യഞ്ജനവും കൂട്ടിച്ചേരുമ്പോഴാണ് കൂട്ടക്ഷരമുണ്ടാകുന്നത് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് സമർത്ഥിക്കുക.

**ഉപന്യാസം തയാറാക്കുക.**

6. സംതൃതോകാരത്തിനു ഭാഷയിലുള്ള പ്രാധാന്യം.
7. വർണങ്ങളുടെ ഉച്ചാരണരീതി, ഉച്ചാരണസ്ഥാനം തുടങ്ങിയവ സംബന്ധിച്ച എ.ആറിന്റെ നിരീക്ഷണങ്ങൾ
8. ഉച്ചാരണശിക്ഷണത്തെ ഉദ്ദേശിച്ച് ഉണ്ടായിട്ടുള്ള നാക്കുവഴക്കികൾ (Toung Twisters) ശേഖരിക്കുക

   ഉദാ: റാലി ലോറി (വേഗത്തിൽ പറഞ്ഞാൽ)

   അരൂരറേലുലുരിപ്പാല്

   വടകര വളവിലൊരകവളവിലുള്ളൊതളത്തിൽ

   പത്തിരൂപഞ്ചിളയുതളങ്ങതണ്ടുരുളും തടിയുരുളും തടിമേലൊരു ചെറുകുരുമുളകുരുളും.

   മലയാളത്തിലെ അക്ഷരമാലയും അവയുടെ മുഴുവൻ ലിപിരൂപങ്ങളും പട്ടികപ്പെടുത്തൽ.

### പ്രൊജക്റ്റിന്റെ ഫോർമാറ്റ്

പേര് :

ആമുഖം :

ലക്ഷ്യങ്ങൾ :

പരികല്പന (Hypothesis) (എല്ലാ ഉച്ചാരണങ്ങളും മലയാളഭാഷയിലുണ്ട്. അവ ലിപികളിൽ രേഖപ്പെടുത്താനുമാവും)

- സ്വരങ്ങൾ
- വ്യഞ്ജനങ്ങൾ
- സ്വരചിഹ്നങ്ങൾ ( ാ, ി, ീ, ു, ൂ, ൃ)
- സംവൃതാകാരം
- വ്യഞ്ജനചിഹ്നങ്ങൾ ( ്യ , (യ) (വ) ്വ (വ) ്ര (റ) )
- ചില്ലുകൾ
- വ്യഞ്ജനചിഹ്നങ്ങൾ ചേർത്തുള്ള വ്യഞ്ജനലിപിരൂപങ്ങൾ...

  യ - ്യ - ക്യ - ക്യാ............

  ല - ഖ - ക്ല - ക്ലാ.........

  വ - ്വ - ക്വ - ക്വാ

  റ -്യ ക്ര - ക്രാ

- മലയാള അക്കമാല

  & ..... .......

- മലയാളത്തിന്റെ ഭിന്നസംഖ്യകൾ

  കാൽ, അര, മുക്കാൽ, അരയ്ക്കാർ, മാഹാണി മുണ്ടാണി

  - മലയാളത്തിലെ ചുരുക്കെഴുത്തുകൾ

    ടി - മേൽപ്പടി

    നു - തീയതി

അനുസ്വാരം - വിസർഗ്ഗം

ലിപിരൂപം

കാൽ ½

അര - ൽ

മുക്കാൽ ¾ -

അരയ്ക്കാൽ - ?

## നിഗമനങ്ങൾ

ലോകഭാഷയിലെ ഒട്ടുമിക്ക ഉച്ചാരണങ്ങളും പട്ടികപ്പെടുത്താനുള്ള ലിപിരൂപങ്ങൾ ഭാഷയിലുണ്ട്.

അതുകൊണ്ട് ലോകത്തിലെ ഏതു ഭാഷയും ഉച്ചരിക്കാനും അനായാസമായി കൈകാര്യം ചെയ്യാനും മലയാളിക്കു കഴിയും എന്നിവ.

## ഉപസംഹാരം

## റഫറൻസ്

- മലയാളം ലക്സിക്കൽ - കേരള സർവ്വകലാശാല
- ശബ്ദകോശങ്ങൾ
- വ്യാകരണഗ്രന്ഥങ്ങൾ

1. കാറ്റ്ലോഗ് ഉണ്ടാക്കുക?

മയാളത്തിലെ വ്യാകരണഗ്രന്ഥങ്ങൾ

| ക്രമ നമ്പർ | പേര് | ഗ്രന്ഥകാരൻ | പ്രസാധകൻ | വർഷം |
|---|---|---|---|---|
| | | | | |
| | | | | |

## മാറുന്ന മലയാള സംസാരഭാഷ

**(ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ)**

## പാഠാപഗ്രഥനം

നിത്യോപയോഗത്തിലുള്ള ഭാഷയെ ജീവൽഭാഷ എന്നു വിളിക്കാറുണ്ട്. അതല്ലാത്തവയെ മൃതഭാഷയെന്നും. എന്താണ് ഭാഷയെ ജീവൽഭാഷയാക്കുന്നത്? അത് ഉപയോഗത്തിലുണ്ടെന്നതു മാത്രമല്ല, ജീവനുള്ളതിന്റെ സ്വഭാവം (വളർച്ച, പരിണാമം, ഇവ) പ്രകടിപ്പിക്കുന്നതു കൊണ്ടു കൂടിയാണ്. ആ നിലയ്ക്ക് ഏതു ജീവത്ഭാഷയും നിരന്തരം പരിണാമത്തിന് വിധേയമായിക്കൊണ്ടിരിക്കും. ഈ മാറ്റം കൂടുതലായും വേഗത്തിലും പ്രത്യക്ഷപ്പെടുന്നതാകട്ടെ വാമൊഴിയിലായിരിക്കും. ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് വരമൊഴിയല്ല, വാമൊഴിതന്നെയാണ്. അതുകൊണ്ടുതന്നെ കാലഭേദത്തിന്റെ പ്രതിഫലനം വാമൊഴിയിലായിരിക്കും എളുപ്പം പ്രത്യക്ഷപ്പെടുന്നത്.

വരമൊഴിയാണോ വാമൊഴിയാണോ ശ്രേഷ്ഠമെന്ന ചോദ്യം ഇന്ന് പ്രായേണ അപ്രസക്തമായിക്കഴിഞ്ഞിരിക്കുന്നു. ഭാഷ നിലനിൽക്കുന്നത് ഈ രണ്ടു വിതാനത്തിലും കാലൂന്നിയാണെന്ന ധാരണ ഇന്ന് ബലപ്പെട്ടിട്ടുണ്ട്. വാമൊഴിയിലും വരമൊഴിയിലും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ (കൊടുക്കലും വാങ്ങലും) എല്ലാ കാലത്തുമുണ്ട്. ഈ രണ്ടിനേയും വരയിട്ടു കൃത്യമായി വേറിട്ടു നിർത്തുക അസാധ്യമാണ്. വാമൊഴിക്ക് എത്രത്തോളം വരമൊഴിയിലേക്ക് കടന്നുകയറാം, തിരിച്ചാവുമ്പോഴോ? അതിർത്തിരേഖ തീരുമാനിക്കുകയെളുപ്പമല്ല. എങ്കിലും ഇക്കാര്യത്തിൽ വിശകലനം ചെയ്യുന്ന ലേഖനമാണ് ഡോ.ടി.ബി. വേണുഗോപാലപ്പണിക്കരുടെ മാറുന്ന മലയാള സംസാരഭാഷ.

കാലത്തോടൊപ്പം മാറാത്തതായെന്തുണ്ട്? മനുഷ്യചര്യകളിലെല്ലാറ്റിലും സംഭവിക്കുന്ന മാറ്റം അവന്റെ സംസാരഭാഷയിലുമുണ്ടാവാം എന്നംഗീകരിച്ചു കൊണ്ടാണ് ലേഖനമാരംഭിക്കുന്നത്. പക്ഷേ അപ്പോഴും ചിലത് നന്ന്, ചിലത് ചീത്ത എന്ന തോന്നൽ ലേഖകനെ ചില വിലയിരുത്തലുകളിലേക്ക് നയിക്കുന്നു.

വാമൊഴി വരമൊഴിയുടെ മേഖലയിലേക്ക് കടന്നുകയറാറുണ്ട്. തിരിച്ച് വരമൊഴി വാമൊഴിത്താവളത്തിലേക്കും. ഇതിലേതാണാശാസ്യം? അനുവദിക്കാമെങ്കിൽ എത്രത്തോളം?

ഗ്രാമീണർപോലും പഠനപാരായണത്തിലൂടെ വരമൊഴിയുമായി പരിചയത്തിലായി. അതോടൊപ്പം അവരുടെ സംസാരത്തിൽ പോലും സാരമായ മാറ്റമുണ്ടായി. വരമൊഴിയുടെ കടന്നുകയറ്റം സംഭാഷണഭാഷയുടെ സ്വാഭാവികമേന്മകൾ നഷ്ടപ്പെടുത്തി. തനിമയുടെ രസികതയും കൈവിട്ട അവരുടെ സംസാരം അച്ചുനിരത്തും പോലെ യാന്ത്രികമായി മാറി.

വാമൊഴിയെ വരമൊഴിയിലേക്ക് സ്വാഗതം ചെയ്യുന്നവർ നേരെ തിരിച്ചുള്ള വിനിമയം അംഗീകരിക്കുന്നില്ലെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. വാമൊഴിതന്നെ ചേലും ചെതവും നോക്കി (ഔചിത്യപൂർവം) മാത്രമേ വരമൊഴിയിലേക്കു വരാവൂ.

രണ്ടും രണ്ടിന്റെയും മട്ടിൽ നിലനില്ക്കണമെന്നേ പറയാവൂ. അനുചിതമായി ഇടകലർത്തുമ്പോൾ പൊരുത്തക്കേടും പരിഹാസ്യതയും അനുഭവപ്പെടും. ഇങ്ങനെ തോന്നിപ്പോവുന്നത് ഇരട്ടമൊഴിത്തം (Diglossia) എന്ന ഭാഷാസമീപനം മലയാളികളുടെ ഇടയിൽ നിലനില്ക്കുന്നതു കൊണ്ടത്രെ. എന്താണ് ഇരട്ടമൊഴിത്തം?

വാമൊഴി-വരമൊഴികളെ അന്യോന്യം കലരാതെ അതിരിട്ടു നിറുത്തുന്ന ഒരു ശുദ്ധിവാദമെന്ന് ഇരട്ടമൊഴിത്തത്തെ വിശദീകരിക്കാം.

വാമൊഴി-വരമൊഴികൾ എത്രത്തോളം ഇടകലരാമെന്ന് അല്ലെങ്കിൽ ഇടകലർത്താമെന്നതിന് ഒരു നിയമം നിർദ്ദേശിക്കുക അസാധ്യമാണ്. കേരളത്തിലെല്ലായിടത്തും ദീക്ഷിക്കാവുന്ന ഒരു പൊതുവിധി ഇതിന് കല്പിക്കാവുന്നതല്ല. അതിലും പ്രാദേശികവ്യത്യാസം കാണും. ചിലയിടങ്ങളിൽ ഇംഗ്ലീഷുവാക്കുകളപ്പടി മലയാള ഭാഷണത്തിലേക്ക് കയറിവരുന്നത് സ്വാഭാവികമെന്ന് കരുതുന്നു. മറ്റു ചിലയിടങ്ങളിലത് അരുചിയും അസ്വാരസ്യവുമുണ്ടാക്കും. ഇത്തരം കാര്യങ്ങളൊക്കെ അറിഞ്ഞും ഉൾക്കൊണ്ടും വേണം വാമൊഴി വരമൊഴി മിശ്രണം. അങ്ങനെ അറിഞ്ഞുപയോഗിക്കാനുള്ള മിടുക്കിനെ ഭാഷയിലെ കയ്യടക്കം എന്നു ലേഖകൻ വിശേഷിപ്പിക്കുന്നു.

അന്യഭാഷാശബ്ദങ്ങൾ എങ്ങനെ നമ്മുടെ ഭാഷയിലേക്ക് സ്വീകരിക്കപ്പെടണം? കൃത്യമായ തത്സമങ്ങൾ ഭാഷയിൽ സൃഷ്ടിച്ചു കൊണ്ടുതന്നെ വേണമോ? പലപ്പോഴും അങ്ങനെ സൃഷ്ടിക്കുന്ന പുതുവാക്കുകൾ നിലനില്ക്കാതെ പോവുകയല്ലേ ചെയ്യുന്നത്. ഇക്കാര്യത്തിൽ കൈക്കൊള്ളാവുന്ന നിലപാടെന്ത്? അന്യഭാഷാപദങ്ങൾക്ക് പകരം നിർബന്ധപൂർവം തത്സമങ്ങൾ കണ്ടെത്തേണ്ടതില്ല. അന്യഭാഷകളിലെ വിശേഷവ്യവഹാരപദങ്ങൾക്ക് മലയാളമൊഴി കണ്ടെത്തിയേ അടങ്ങു എന്ന് ശാഠ്യം നന്നല്ല.

പല ഇംഗ്ലീഷ് വാക്കുകളും അതായിത്തന്നെ നിലനില്ക്കുന്നതു കൊണ്ട് മലയാളത്തിന്റെ മാനം ഇടിഞ്ഞുപോകുമെന്ന ധാരണ ലേഖകനില്ല.

ഈ വിഷയത്തിൽ ചില ആലോചനകളാവാം. എന്തുകൊണ്ടാണ് ക്ലേശിച്ചു സൃഷ്ടിച്ച പല മലയാളവാക്കുകളും തള്ളപ്പെട്ടത്? ഒന്നാമത്തെ കാര്യം അവ ക്ലേശിച്ചു നിർമിക്കപ്പെട്ടതു കൊണ്ടുതന്നെയാണ്. ഭാഷയുടെ സ്വാഭാവികമായ ഒരു വളർച്ചയല്ല അവിടെ നടന്നത്. പണ്ഡിതവ്യായാമത്തിന് സാധാരണഭാഷയിലേക്ക് വഴികണ്ടെത്താനെളുപ്പമാവണമെന്നില്ല. മറ്റൊരു കാരണം ഇങ്ങനെ സൃഷ്ടിക്കപ്പെട്ട വാക്കുകൾ പലതും മലയാളമണമില്ലാത്തതായിപ്പോയെന്നതാണ്. സ്വിച്ചിന് വൈദ്യുത ഗമനാഗമന നിയന്ത്രണം യന്ത്രം എന്ന മറുവാക്കു കണ്ടെത്തിയാൽ അതു നിലനില്ക്കില്ല. കാരണം ആ സമസ്തപദം മലയാളമല്ല. സംസ്കൃതമത്രെ. മറ്റൊന്ന്, സ്വിച്ചെന്ന ചെറുവാക്കിന്റെ സ്ഥാനത്ത് ഈയും പെരുത്ത ഒരു വാക്കുപയോഗിക്കാൻ ആർക്ക് തോന്നും? പകരം 'കൊളുത്തി' എന്നൊരു വാക്കായിരുന്നെങ്കിലോ? തീപ്പെട്ടി, തീവണ്ടി, കാമ്പുവിളക്ക് (tube light) തുടങ്ങിയവ സ്വീകരിക്കപ്പെട്ടിരുന്നുവെന്നുമോർക്കാവുന്നതാണ്. കാരൂർ ഒരു കഥയിൽ വിളിമണി എന്നാണ് കാളിങ്ബെല്ലിന് കല്പിച്ച നാട്ടുപേര്. പൊതുവെ ഇംഗ്ലീഷുവാക്കുകളെ അങ്ങനെത്തന്നെ സ്വീകരിക്കുന്ന പ്രവണതയാണ് മലയാളികൾ സ്വീകരിച്ചുവരുന്നത്. തുല്യമായവ കൃത്രിമമായി നിർമിച്ചെടുക്കുന്നതിനെക്കാൾ അതാണ് പ്രായോ

ഗികമെന്നതാവാം മലയാളിയുടെ ചിന്ത. തമിഴിൽ പുതിയ വാക്കുകൾ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമങ്ങൾ താരതമ്യേന കൂടുതലായി നടക്കുന്നുവെന്ന വസ്തുത ശരിയാണ്. പക്ഷേ അത്തരം പ്രയോഗങ്ങൾ അതേ അളവിൽ സംഭാഷണഭാഷയിൽ നിലനിർത്തപ്പെടുന്നില്ലായെന്നതാണ് യാഥാർത്ഥ്യം.

ദേശ്യഭേദങ്ങളെ അവ പുലർത്തുന്ന വൈജാത്യവൈവിധ്യങ്ങളോടെ അംഗീകരിക്കണമെന്ന നിലപാട് ലേഖകൻ കലവറകൂടാതെ രേഖപ്പെടുത്തുന്നുണ്ട്. ദേശ്യഭേദങ്ങൾ തുടങ്ങിയവയുടെയൊക്കെ അടയാളങ്ങൾ ഉൾക്കൊള്ളുന്നതാണ്. അതു കൊണ്ടുതന്നെ ഓരോ പ്രാദേശികഭാഷയും അമൂല്യമായ ചരിത്രനിക്ഷേപമാണ്. അവ അവയായിത്തന്നെ നിലനില്ക്കുകയും സ്വാഭാവിക വളർച്ചയ്ക്ക് വിധേയമാവുകയുമാണ് വേണ്ടത്.

**മലയാളത്തിലെ ഇരട്ടമൊഴിത്തം - പ്രവർത്തനം ഇങ്ങനെ രൂപപ്പെടുത്താം.**

വിദ്യാർത്ഥികൾ എപ്പോഴും എല്ലായിടത്തും ഒരേ സംസാരഭാഷതന്നെയാണോ ഉപയോഗിക്കുന്നതെന്ന് അധ്യാപകന് ആരായാം. വീട്ടിൽ, അയൽപക്കങ്ങളിൽ സുഹൃദ്ബന്ധങ്ങളിൽ സംസാരിക്കുന്ന അതേ അയവോടെയും സ്വാഭാവികതയോടെയുമാണോ ക്ലാസുമുറിയിലും ഓഫീസുകളിലും സംസാരിക്കാറുള്ളത്.

വ്യത്യസ്ത സാഹചര്യങ്ങളിലുള്ള സംഭാഷണരീതി ക്ലാസിൽ അവതരിപ്പിക്കപ്പെടട്ടെ. ഔപചാരികവും അനൗപചാരികവുമായ സന്ദർഭങ്ങളിലുള്ള സംഭാഷണഭാഷ ശ്രദ്ധിച്ച് വിലയിരുത്തട്ടെ.

എന്താണ് വ്യത്യാസം എന്ന കണ്ടെത്തി രേഖപ്പെടുത്തട്ടെ.

- അനായാസത/ശ്രദ്ധ
- വേഗക്കൂടുതൽ/വേഗക്കുറവ്
- നാടൻഭാഷ/നിലവാരപ്പെടുത്തിയ ഭാഷ

ഇങ്ങനെയുള്ള വ്യത്യാസങ്ങൾ അവർ കണ്ടെത്തുന്നു.

ഒരേ വ്യക്തിതന്നെ ഭിന്ന സാഹചര്യങ്ങളിൽ ഒരേ ഭാഷയുടെ വ്യത്യസ്തപ്രയോഗരീതികളാണ് ഉപയോഗിക്കുന്നത്. നാമെല്ലാവരും ഏറിയോ കുറഞ്ഞോ ഇരട്ടമൊഴിത്തം കൊണ്ടു നടക്കുന്നവരാണ്.

ഇരട്ടമൊഴിത്തം എന്ന സങ്കല്പം കുട്ടികൾ പരിചയപ്പെട്ടു കഴിഞ്ഞു.

വാമൊഴി അതിന്റെ സ്വാഭാവികസരളതയോടെ ഉപയോഗിക്കുന്നവർതന്നെ ചില ഘട്ടങ്ങളിൽ അതിനെ മാനകീകരിച്ചും ചതുരവടിവിലുമൊക്കെ സംസാരിക്കാറുണ്ട്. ഇത് മലയാളിയിലും ഇരട്ടമൊഴിത്തമുണ്ടെന്ന നിഗമനത്തെ സാധൂകരിക്കുന്നുണ്ട്.

ഈ ഇരട്ടമൊഴിത്തം സംസാരഭാഷയിൽ മാത്രമാണോ പ്രകടമാവുന്നത്. എഴുത്തുഭാഷയിൽ ഇരട്ടമൊഴിത്തത്തിന്റെ പ്രതിഫലനം കാണുന്നുണ്ടോ.

എസ്.കെ.പൊറ്റക്കാട് ചായനേരങ്ങളിൽ ഞങ്ങളോടു പറയാറുള്ള കിസ്സകളിലൊന്നാണിത്:

വല്യപ്പായുടെ ശീലക്കുട

അയൽക്കാരൻ മമ്മദ്കാക്ക ഇടയ്ക്കിടെ കുളൂസ് പറയും: "ഞമ്മളെ വല്യാപ്പ ചൂടീര്ന്ന കൊടയാ."

ഒരിക്കൽ എസ്.കെ.ചോദിച്ചു: "പക്ഷേ, ഇതിന്റെ ശീല പുതിയതാണല്ലോ."

"അദ് ഞമ്മള് രണ്ടു മാസംമുമ്പു പാളയത്ത്ന്ന് മാറ്റിച്ച്."

"അപ്പോ പിടിയോ?"

"അദ് കയ്ഞ്ഞ കൊല്ലം പുത്യേത് ഇടീച്ച്."

"ഇതിന്റെ കാലോ?"

"അത് കയ്ഞ്ഞേന്റെ മുന്നത്തെ മയക്കാലത്ത് മാറ്റിച്ച്."

"കമ്പികളൊക്കെ കൊല്ലം കൊല്ലം മാറ്റും, അല്ലേ?"

"അദ് കൂടാതെ കയ്യോ? ങളെന്താ ഓരോ പോയത്തം ചോയ്ക്ക്ണ്?"

"എത കൊല്ലായി കുട വാങ്ങീട്ട്?"

"ഇദേ, ഞമ്മളെ വല്യാപ്പ ചൂടീര്ന്ന കൊടയാ. മൂപ്പര് പുതിയാപ്പിള പോകുമ്പം മാങ്ങിയതാ. അയ്ന്റെ അട്ത്തകൊല്ലാ ബാപ്പാനെ പെറ്റത്. ബാപ്പക്കിപ്പം ഒരു തൊണ്ണൂറ് വയസായീന്ന് കുട്ടിക്കോളീ. ഇപ്പം കണക്ക് തിരിഞ്ഞോ? കൊട ഞമ്മളെ പെര്ത്ത് മൂത്തതാ. ഇദിനിം വല്യാപ്പാന്ന് ബിളിച്ചണം."

കുട വല്യാപ്പയുടേതുതന്നെ!

ഈ കഥ ഒരു ചോദ്യമുയർത്തുന്നുണ്ട്. "ആളുകൾ ഭാഷയ്ക്ക് തനിമ വേണം എന്നു പറയുന്നു. തനിമ എന്നതു പഴമ മാത്രമല്ലേ? ആ നിലപാട് യാഥാസ്ഥിതികമല്ലേ?"

ഭാഷയുടെ പഴമയും തനിമയും ഒന്നാണെന്ന് ഒറ്റക്കേൾവിക്കു തോന്നാം. കാരണം, പഴമ ചുവയ്ക്കുന്ന എന്തിനും തനിമയുടെ ചുവയും തോന്നാം. പഴമൊഴി തനിമയുടെ ഭാഗമായിരിക്കുന്നത് ഉദാഹരണം. പഴമയേതും തനിമയാവാമെങ്കിലും തനിമയേതും പഴമയല്ല. കാരണം, പഴമ ഭാഷയുടെ ചരിത്രമാണ്ച തനിമ സ്വലക്ഷണവും. ഇന്നലെ മാത്രം ഉള്ളതാണ് പഴമ. ഇന്നലെയും നാളെയും ഉള്ളതാണു തനിമ. ഈ ബന്ധം വിശദീകരിക്കാൻ പറ്റിയതാണ് എസ്.കെ. പറഞ്ഞ കഥ.

(തെളിമലയാളം - എം.എൻ.കാരശ്ശേരി)

ഈ കുറിപ്പിൽ രണ്ടുതരം ഭാഷകളുടെ പ്രതിനിധാനമുണ്ടല്ലോ.

ആദ്യഭാഗം വാമൊഴിഭാഷയിൽ. ശേഷിച്ചഭാഗം നിലവാരപ്പെടുത്തപ്പെട്ട ഗദ്യഭാഷയിലും.

വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം - ചർച്ച വിഷയം

**എഴുത്തിൽ വാമൊഴിഭാഷയുടെ പ്രയോഗം ചേർക്കുന്നതെന്തിനാവാം?**

ചർച്ച നടത്തുന്നു.

- ജീവിതസന്ദർഭങ്ങളെ സ്വാഭാവികമായി ആവിഷ്ക്കരിക്കുന്നതിന്
- വായനാക്ഷമതയ്ക്ക്
- ആഖ്യാനം സരസമാവാൻ
- 
- 

വിദ്യാർത്ഥികളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തട്ടെ.

മികച്ചനിഗമനങ്ങളേതെന്ന് കുട്ടികൾ

തന്നെ വിലയിരുത്തട്ടെ.

അധ്യാപകൻ ചർച്ച സംഗ്രഹിക്കുമ്പോൾ ഈ ആശയങ്ങളൊക്കെ പരിഗണിക്കപ്പെടണം.

- വാമൊഴിവരമൊഴികൾ തുല്യപ്രാധാന്യമർഹിക്കുന്നു.
- എഴുത്തിലേക്ക് വാമൊഴിയും വാമൊഴിയിലേക്ക് എഴുത്തുഭാഷയും വന്നുചേരുന്നത് സ്വാഭാവികമാണ്.
- അനൗചിത്യം വരാത്തിടത്തോളം പരസ്പരവിനിമയം നല്ലതുതന്നെ.
- പരിധിവിട്ടാൽ പരസ്പരമുള്ള കടന്നുകയറ്റം ഭാഷായോഗത്തെ കൃത്രിമവും രസഹിതവുമാക്കും.
- ഭാഷയുടെ രണ്ടു പ്രയോഗസാധ്യതകളാണ് സംഭാഷണവും എഴുത്തു. രണ്ടും രണ്ടിന്റേയും സ്വഭാവം കൈവിടാതെ പരസ്പരപൂരകമാവണം.

വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം - ഉപന്യാസരചന

**ചർച്ചയുടെ അവസാനം 'മലയാളിയുടെ ഇരട്ടമൊഴിത്തം: പരിമിതിയോ സാധ്യതയോ?'** എന്ന വിഷയത്തിൽ ഒരു ഉപന്യാസം രചിക്കട്ടെ. മലയാളത്തിലെ സർഗാത്മകകൃതികളുടെ ഭാഷയും പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് വിദ്യാർത്ഥികളെ ഓർമിപ്പിക്കണം.

ഉപന്യാസങ്ങളിൽ മികച്ചവ ക്ലാസിലവതരിപ്പിക്കണം.പ്രവർത്തനത്തിൽ നൽകിയ ഇംഗ്ലീഷുപദങ്ങളുടെ മലയാള പരിഭാഷ കുട്ടികൾ സൂക്ഷ്മമായി വിലയിരുത്തട്ടെ.

കൂടുതൽ മാതൃകകൾ നൽകാം.

ഇത്തരം പദങ്ങളുടെ മലയാളീകരിക്കുന്നതിന്റെ ഔചിത്യവും സാധ്യതയും വിലയിരുത്തട്ടെ.

വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം - ഡിബേറ്റ് ഇല്ല, ഉണ്ട് എന്ന് രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് വാദപ്രതിവാദം നടത്തണം.

**എല്ലാ ഇംഗ്ലീഷ് പദങ്ങളെയും മലയാളമാക്കേണ്ടതുണ്ടോ?**

ഇംഗ്ലീഷ് പദങ്ങൾ അതുപോലെ പ്രയോഗിക്കുകയാണോ വേണ്ടത്?

സാങ്കേതിക പദങ്ങൾ മലയാളീകരിക്കുമ്പോൾ എന്തൊക്കെ പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്?

കുട്ടികൾ പ്രതികരണം നടത്തട്ടെ.

വാക്യമാതൃകകളും ചർച്ചയ്ക്കു വിധേയമാക്കണം.

- ടെലിവിഷൻ അവതാരകർ ഉപയോഗിക്കുന്ന മലയാള വാക്യങ്ങൾ
- ചില വിവർത്തന ഭാഗങ്ങൾ

മുതലായവ വിശകലന വിധേയമാക്കാം.

ക്രോഡീകരണത്തിൽ വരേണ്ടുന്നത്.

- ഭാഷാമൗലിക വാദത്തിന്റെ പേരിൽ എല്ലാ അന്യഭാഷാപദങ്ങൾക്കും മലയാളം കണ്ടുപിടിക്കാനുള്ള ശ്രമം പരിഹാസ്യമാകും.
- സാങ്കേതിക പദങ്ങളും അന്യദേശങ്ങളിലുണ്ടായ പുതിയ ഉത്പന്നങ്ങളുടെ പേരും നിർബന്ധപൂർവ്വം മലയാളീകരിക്കേണ്ട ആവശ്യമില്ല.
- നല്ല മലയാള പദങ്ങളിലേക്ക്

വിവർത്തനം ചെയ്യപ്പെട്ട പദങ്ങളുണ്ടെങ്കിൽ അവയ്ക്ക് പ്രചാരം നൽകേണ്ടതുണ്ട്.

- അന്യഭാഷാപദങ്ങളെ ഘടിപ്പിക്കാനുള്ള പ്രത്യയങ്ങളായി മാത്രം മലയാളപദങ്ങൾ ചേർത്തു നിർമിക്കുന്ന വാക്യങ്ങൾ അരോചകമായിരിക്കും.
- കാലങ്ങളായി നാം ഉപയോഗിക്കുന്ന മലയാള പദങ്ങൾ അന്തസ്സിന്റെ പേരിൽ ഇംഗ്ലീഷാക്കുന്നത് ഭാഷയെക്കുറിച്ചുള്ള അഭിമാനബോധമില്ലായ്മയാണ്.

പ്രവർത്തനത്തിൽ നൽകിയ മലയാളപദങ്ങളെക്കുറിച്ച് കുട്ടികൾ ചർച്ച ചെയ്യട്ടെ.

കൂടുതൽ പദങ്ങൾ ശ്രദ്ധയിൽപ്പെടുത്താം.

ഭാഷ എന്ന വിസ്മയം, പ്രവർത്തനം.

പത്രഭാഷയ്ക്ക് വലിയ പരിവർത്തനം സംഭവിക്കുന്നുണ്ട്. അതു വിദ്യാർഥികൾക്ക് ബോധ്യപ്പെടേണ്ടതുണ്ട്. പഴയ പത്രഭാഷയുടെ മാതൃകകൾ സംഘടിപ്പിക്കാവുന്നതേയുള്ളൂ. അവയിൽ ചിലത് ക്ലാസിൽ വായിക്കട്ടെ. അന്നത്തെ പത്രഭാഷയുടെ സ്വഭാവം അവലോകനം ചെയ്യട്ടെ.

- ഏറെക്കുറെ വസ്തുനിഷ്ഠമായ അവതരണരീതി
- വലിയ വാക്യങ്ങൾ
- ഇന്നത്തെ വായനക്കാരന് അപരിചിതങ്ങളായി തോന്നാവുന്ന ഭാഷകൾ, പ്രയോഗങ്ങൾ

വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം

സെമിനാർ : വിഷയം

ഇന്നത്തെ പത്രഭാഷയുടെ മികവുകളും പരിമിതികളും

മികവുകളെന്തൊക്കെ?

- ഭാഷ കൂടുതൽ ലളിതമായിട്ടുണ്ട്.
- ചെറിയ വാക്യങ്ങൾ
- ആകർഷകങ്ങളായ തലക്കെട്ടുകൾ

പരിമിതികൾ അഥവാ പ്രശ്നങ്ങളെന്തൊക്കെ.

- അമിതമായ വൈകാരിക സ്പർശം
- ആലങ്കാരിക ഭാഷ
- വാർത്തകൾ കഥാവൽക്കരിക്കപ്പെടുന്നു

പത്രഭാഷയിൽ വ്യാകരണപരമായോ ശൈലി സംബന്ധമായ പിഴവുകളോ അക്ഷരത്തെറ്റുകളോ വരുന്നുണ്ടെങ്കിൽ അവയും ശ്രദ്ധയിൽപെടണം.

**വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം - വിശകലനക്കുറിപ്പ് വിഷയം** :

ഇന്നത്തെ പത്രഭാഷയെക്കുറിച്ചൊരു വിശകലനക്കുറിപ്പു തയാറാക്കട്ടെ.

നാട്ടുഭാഷാപ്രയോഗങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെട്ട രചനകൾ വിദ്യാർഥികൾ ഓർത്തെടുക്കട്ടെ.

മുൻക്ലാസുകളിലെ പാഠങ്ങളോ പരിചയപ്പെട്ട മറ്റു കൃതികളോ ആവാം.

കഥാപാത്രങ്ങൾ, സന്ദർഭങ്ങൾ ഇവയൊക്കെ ഓർത്തെടുക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തട്ടെ. എന്തുകൊണ്ടാവാം സാഹിത്യകൃതികളിൽ വാമൊഴിഭാഷ എഴുത്തുകാർ ഉപയോഗിച്ചത്.

നിഗമനങ്ങൾ രേഖപ്പെടുത്തണം.

പിന്നീട് കോവിലന്റെ നിലവിളക്ക് എന്ന കഥയിലെ ഭാഗം വായിക്കുന്നു.

കഥാപാത്രങ്ങളുടെ ജീവിതാവസ്ഥയെക്കുറിച്ചെന്തൊക്കെ ധാരണകൾ ലഭിക്കുന്നുണ്ട്. അവരുടെ മാനസികാവസ്ഥ വിശദീകരിക്കാൻ പറ്റുമോ?

രണ്ടു കഥാപാത്രങ്ങളുടെ സംഭാഷണഭാഷയിലെ വ്യത്യാസമെന്ത്?

മാനകഭാഷയിൽ നിന്ന് എത്രത്തോളം അകന്നു നിൽക്കുന്നുണ്ട്?

കഥാഖണ്ഡത്തിലെ സംസാരഭാഷ ഇക്കാര്യങ്ങളെപ്പറ്റി കഥാഖണ്ഡത്തെ ആസ്പദമാക്കി ഒരു ചർച്ച സംഘടിപ്പിക്കണം.

കടലോരത്തു ജീവിക്കുന്ന ഒരു സാധു സ്ത്രീയുടെ ജീവിതം ദുഃഖം കഥാഭാഗത്ത് തെളിയുന്നുണ്ട്.

അവരുടെ ദാരിദ്ര്യവും നിസ്സഹായതയും അവരുടെ സംഭാഷണത്തിലൂടെ വ്യക്തമാവുന്നു.

വൃദ്ധ തനിനാട്ടുമൊഴിയിൽ സംസാരിക്കുമ്പോൾ പീടികക്കാരൻ കുറേക്കൂടി മാനകീകരിച്ച ഭാഷയാണുപയോഗിക്കുന്നത്.

വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം : ഉപന്യാസരചന : വിഷയം :

സർഗാത്മക കൃതിയിൽ വാമൊഴിയുപയോഗിക്കുന്നതുകൊണ്ടുള്ള മെച്ചങ്ങൾ.

- സ്വാഭാവികാന്തരീക്ഷം സൃഷ്ടിക്കുന്നു.
- കഥാപാത്രങ്ങളുടെ ജീവിതാവസ്ഥയെ വെളിപ്പെടുത്താൻ കൂടുതൽ ഉചിതം
- കൃത്രിമത്വം അനുഭവപ്പെടുത്തുകയില്ല.
- ദേശജീവിതത്തിന്റെ തനിമ അനുഭവപ്പെടുത്തുന്നു.

## മാറുന്ന മലയാള സംസാരഭാഷ

**ഖണ്ഡിക എഴുതുക.**

- *വരമൊഴിയിൽ നിന്നും വാമൊഴിയിലേക്കുള്ള ഭാഷാസംക്രമണം സംബന്ധിച്ച് എൻ.പി.മുഹമ്മദിന്റെ കണ്ടെത്തലുകൾ*
- ഇരട്ടമൊഴിത്തം (Deglossia) ഉദാഹരണങ്ങൾ സഹിതം വിശദീകരിക്കുക.
- മാതൃഭാഷ (Standar languages)

**ഉപന്യാസ രചന**

അന്യഭാഷാപദങ്ങൾ ഭാഷയിലേക്കു സ്വീകരിക്കുന്നതിനെക്കുറിച്ചുള്ള വാദമുഖങ്ങൾ പരിശോധിച്ച് സ്വാഭിപ്രായം സമർത്ഥിക്കുക?

നടപ്പു സംസാരഭാഷയുടെ പ്രശ്നങ്ങൾ എന്തെല്ലാം?

**ഭാഷാപ്രോജക്റ്റ്**

- പ്രാദേശികഭാഷാഭേദങ്ങൾ ചർച്ചയിലുയർന്നു വരുന്ന ആശയങ്ങൾ ക്രോഡീകരിക്കുന്നു.

**3.3 ഉപന്യാസരചന (ഡോ. ഡി. ബഞ്ചമിൻ)**

ഉപന്യാസത്തെക്കുറിച്ചുള്ള ഒരു ഉപന്യാസമാണിത്. ഉപന്യാസരചനയുടെ മുന്നൊരുക്കങ്ങൾ, ഉപന്യാസസ്വരൂപം, ഉപന്യാസ ഭാഷ എന്നിങ്ങനെ വിഷയത്തിന്റെ നാനാമാനങ്ങൾ ക്രമത്തിൽ ഈ

രചനയിൽ പഠനവിധേയമാകുന്നു.

ഉപന്യാസം, ലേഖനം, പ്രബന്ധം എന്നിവയടങ്ങുന്ന രചനാശാഖ ഗദ്യസാഹിത്യ പ്രസ്ഥാനത്തിലെ പ്രബലമായ ഒരു വിഭാഗമാണ്. പലപ്പോഴും പര്യായപദങ്ങൾ പോലെ ഇവ മൂന്നും പ്രയോഗിച്ചുവരുന്നുണ്ടെങ്കിലും ഇവ തമ്മിലുള്ള വ്യത്യാസം സാഹിത്യവിദ്യാർഥികൾ മനസ്സിലാക്കേണ്ടതുണ്ട്. ഉപന്യാസമെന്നാലെന്തെന്നും അവയുടെ പൊതുസ്വഭാവങ്ങളെന്തൊക്കെയാണെന്നും ഡോ. ഡി. ബഞ്ചമിൻ ഈ ഉപന്യാസത്തിൽ പ്രതിപാദിക്കുന്നു. അക്കാദമിക് രചനകളുടെ ആവശ്യവും പ്രാധാന്യവുമേറിവരുന്ന സാഹചര്യത്തിൽ ഉപന്യാസ സ്വഭാവത്തെക്കുറിച്ചുള്ള ചിന്തകൾ കൂടുതൽ പ്രസക്തമാവുന്നു.

ഉപന്യാസത്തിന് കർശനമായ ഒരു രചനാവ്യവസ്ഥ നിർദേശിക്കുകയല്ല ഡോ. ഡി. ബഞ്ചമിൻ ചെയ്യുന്നത്; സുനിശ്ചിതമായ ഒരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു നടത്തുന്ന രചനകളെന്ന നിലയിൽ ഉപന്യാസങ്ങൾക്കുണ്ടാവേണ്ടുന്ന ചില ഗുണവിശേഷങ്ങൾ വിശദീകരിക്കയാണ്.

ഡോ. ഡി. ബഞ്ചമിൻ നിർദേശിക്കുന്ന ഉപന്യാസ സ്വഭാവങ്ങൾ അദ്ദേഹത്തിന്റെ രചന എത്രത്തോളം പിന്തുടരുന്നുണ്ടെന്ന് നോക്കാം.

ഉപന്യാസത്തെ നിർവചിച്ചു കൊണ്ടുതന്നെയാണ് ഉപന്യാസം ആരംഭിക്കുന്നത്. പക്ഷേ ഈ നിർവചനം ഒരു നിർബന്ധപ്രമാണമല്ലെന്നും വളർന്നുകൊണ്ടിരിക്കുന്ന ഒരു സാഹിത്യരൂപമെന്ന നിലയിൽ അത് നിർവചനങ്ങൾക്ക് പൂർണമായി വഴങ്ങില്ലെന്നും തുടർന്നദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഉപന്യാസങ്ങളിൽ തന്നെ രണ്ടു വിഭാഗങ്ങളുള്ളതിൽ വൈജ്ഞാനികോപാന്യാസത്തെ വിശദീകരിക്കാനാണ് തുടർന്നുള്ള ശ്രമം.

**വിദ്യാർത്ഥികൾക്കുള്ള പ്രവർത്തനം : ചർച്ച : വിഷയം : -**

**ഉപന്യാസരചനയുടെ മുന്നൊരുക്കങ്ങളെന്തൊക്കെയാവണം?** എഴുത്തുകാരന് താൻ കൈകാര്യം ചെയ്യുന്ന വിഷയത്തോടുള്ള പ്രതിപത്തി പ്രധാനമാണ് ആ പ്രതിപത്തിയുടലെടുക്കുന്നതാകട്ടെ ആ വിഷയത്തെക്കുറിച്ചുള്ള അന്വേഷണങ്ങളും പഠനവും നിരന്തരമായി നടക്കുന്നതുകൊണ്ടാണ്. വിഷയത്തെ പല നിലയ്ക്ക് സ്വയം വിലയിരുത്തി തന്റെ നിലപാടു കണ്ടെത്തിയാൽ കൂടുതൽ അന്വേഷണങ്ങളിലേക്കിറങ്ങണം. സ്വന്തം നിലപാടുകൾ എടുത്തുചാടിയുറപ്പിക്കാൻ പാടില്ലെന്നതാണ് ഈ നിർദേശത്തിന്റെ അർഥം. വിഷയത്തെക്കുറിച്ചുള്ള ആധികാരികമായ ധാരണ നേടണം. അതിന് വായനയും അനുബന്ധാന്വേഷണങ്ങളും അത്യാവശ്യമത്രെ.

തന്റെ നിലപാടുകളേയും ധാരണകളേയും വിമർശനപരമായി പരിശോധിച്ചുകൊണ്ടേയിരിക്കണമെന്ന കാര്യം ഈ ഘട്ടത്തിൽ ഊന്നിപ്പറയുന്നുണ്ട്. തനിക്ക് ലഭിച്ച പുതിയ അറിവുകളും തെളിവുകളും ഇങ്ങനെയൊരു സ്വയം വിലയിരുത്തലിന് പ്രയോജനപ്പെടുത്തണം.

ആശയങ്ങളുടെ മുൻഗണനാക്രമം, ഘടനാക്രമം, ഭാഷയുടെ ഔചിത്യ സൂക്ഷ്മതകൾ തുടങ്ങിയ കാര്യങ്ങളും പിന്നീട് പരിഗണനാവിഷയമാകുന്നുണ്ട്. ഇവയോരോന്നും ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് കൊളുത്തിവെച്ചുകൊണ്ടാണ് ഉപന്യാസം

പുരോഗമിക്കുന്നത്.

ഒരു വൈജ്ഞാനികോപന്യാസത്തിനിണ ങ്ങുന്ന പ്രൗഢിയും സുതാര്യതയുമുള്ള ഭാഷയാണ് ഉപന്യാസകർത്താവുപയോ ഗിച്ചിരിക്കുന്നത്. അതേ സമയം സന്ദർഭ മാവശ്യപ്പെടുന്ന വിധം അയവു കൈവ രിക്കുന്നതുമാണ് ഉപന്യാസത്തിന്റെ ഭാഷ. ഉദാഹരണമായി ലളിതോപന്യാസത്തെ ക്കുറിച്ച് പറയുന്നിടത്തുള്ള വാക്യം ശ്രദ്ധി ക്കുക: "കുറിഞ്ഞിപ്പൂച്ചയുടെ വികൃതി കളോ തനിക്കു പറ്റിയ അമളിയോ ഒരു സന്ധ്യാവേളയുടെ ചാരുതയോ പെട്ടെ ന്നുണ്ടായ ഓർമ്മയോ എന്തുമാവാം ഇത്തരം ഉപന്യാസങ്ങൾക്കു വിഷയം." ജൈവ ബന്ധമുള്ള വാക്കുകൾ എന്ന ഉപ ന്യാസകാരന്റെ പ്രയോഗത്തിനുള്ള സര ളമായ മാതൃകയാണ് ഈ വാക്യം.

**ഭാഷ എന്ന വിസ്മയം - പ്രവർത്തനം**

**ഉപന്യാസത്തിന്റെ സവിശേഷതകൾ**

- ഉപന്യാസം എന്ന ലേഖനം വായിച്ച് ഒരു ഉപന്യാസത്തിന് വേണ്ടുന്ന ഗുണങ്ങളെന്തൊക്കെ യെന്ന് കുട്ടികൾ കണ്ടെത്തട്ടെ. ഈ പ്രക്രിയ സംഘപ്രവർത്തനമായി നടത്തുന്നതാവും നന്ന്.

സംഘങ്ങളുടെ കണ്ടെത്തലുകൾ പൊതു വായി അവതരിപ്പിക്കപ്പെടണം.

ആവശ്യമായ കൂട്ടിച്ചേർക്കലുകൾ അധ്യാ പകൻ ശ്രദ്ധയിൽ പെടുത്തണം.

- ചർച്ചാക്കുറിപ്പു തയാറാക്കട്ടെ.
- ഉപന്യാസ രചനയ്ക്കാവശ്യമായ മുന്നൊരുക്കങ്ങൾ
- വായന, അന്വേഷണം
- ആശയങ്ങളുടെ രൂപീകരണം, അവ ലോകനം
- മുൻഗണനാ ക്രമം നിശ്ചയിക്കൽ
- ഉപന്യാസത്തിന്റെ ഘടനാക്രമങ്ങൾ
- ഭാഷയുടെ സൂക്ഷ്മത, ഔചിത്യം

ഈ സൂചകങ്ങളെ മാനദണ്ഡങ്ങളായെ ടുത്ത് വിദ്യാർഥികൾ മുമ്പെഴുതിയ ഏതെങ്കിലും ഉപന്യാസങ്ങൾ കൈമാറി വിലയിരുത്തട്ടെ.

വിലയിരുത്തലുകൾ ചർച്ചചെയ്യപ്പെടണം.

പിന്നീട് അവർക്കിഷ്ടപ്പെട്ട ഏതെങ്കിലു മൊരു വൈജ്ഞാനിക വിഷയത്തെക്കു റിച്ച് രചനകൾ തയാറാകട്ടെ. അധ്യാപ കൻ രചനകൾ വിലയിരുത്തണം. മികച്ച രചനകൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. വിദ്യാർഥികളുടെ ഉപന്യാസങ്ങൾ പോർട്ട് ഫോളിയോവിലേക്ക് ഉൾപ്പെടുത്താവുന്ന താണ്.

3.3 എന്ന ചിഹ്നം ചേർത്ത സ്ഥലത്തു ചേർക്കുവാൻ (Teacher text – ൽ പേജ് 85 നുശേഷം)

## മൂല്യനിർണയപ്രവർത്തനങ്ങൾ

**ഒരു ഖണ്ഡിക തയാറാക്കുക.**

1. രമ്യോപന്യാസം
2. വൈജ്ഞാനികോപന്യാസം
3. ഉപന്യാസത്തിനുണ്ടായിരിക്കേണ്ട സവിശേഷതകൾ
4. ഉപന്യാസത്തിൽ ഉദ്ധരണികൾ ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യ ങ്ങൾ
5. വിഷയത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഉപജീവിക്കാ വുന്ന ഗ്രന്ഥങ്ങൾ

6. ഉപന്യാസ രചനയിൽ ആത്മാവി ഷ്ക്കാരത്തിന്റെ സാധ്യത

**ഉപന്യാസം തയാറാക്കുക.**

7. ഉപന്യാസം, പ്രബന്ധം, ലേഖനം എന്നീ സാഹിത്യരൂപങ്ങൾ തമ്മി ലുള്ള സാമ്യവ്യത്യാസങ്ങൾ.

8, എല്ലാവർക്കും വിദ്യാഭ്യാസം സ്ത്രീപുരുഷസമത്വം

## സഹായകഗ്രന്ഥങ്ങൾ


1. മലയാളകവിതാ സാഹിത്യചരിത്രം -ഡോ. എം. ലീലാവതി
2. ഇടശ്ശേരിയുടെ കാവ്യലോകം - കെ.പി. ശരച്ചന്ദ്രൻ
3. കാല്പനികത - ഹൃദയകുമാരി
4. നാടകാന്തം കവിത്വം - ജോസഫ് മുണ്ടശ്ശേരി
5. ചന്ദ്രനോടൊപ്പം - എസ്. ജോസഫ്
6. ചരിവ് - സാവിത്രി രാജീവൻ

**ഭാഷ എന്ന വിസ്മയം**

1. കേരള പാണിനീയഭാഷ്യം - സി.എൽ. ആന്റണി